I ഇ.ബി. XIII – കേരള നിയമസഭ/VII - 8

# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

**2013 ഫെബ്രുവരി 13, ബുധനാഴ്ച**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)**

**റൂളിംഗ്**

**ഒരേ വിഷയം ഒന്നിലധികം തവണ അടി.യന്തിര പ്രമേയമായി അവതരിപ്പിക്കുന്നതു സംബന്ധിച്ച്**

മി. സ്പീക്കർ: സൂര്യനെല്ലി പ്രശ്നവുമായി ബന്ധപ്പെട്ട വിഷയം നിരവധി തവണ അടിയന്തിര പ്രമേയമായും ഒരു തവണ സബ്മിഷനായും ഈ സമ്മേളനത്തിൽ പരിഗണിക്കപ്പെട്ടതാണ്. ഒരു സമ്മേളന കാലയളവിൽ ഒരു വിഷയം ചർച്ചയ്ക്ക് വന്നാൽ പിന്നെ ആ വിഷയം അനുവദിക്കാൻ പാടില്ലായെന്നാണ് ചട്ടമെങ്കിലും സഭ സുഗമമായി നടന്നു പോകണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടുമാത്രമാണ് വീണ്ടും ഇതേ വിഷയം റൂൾ 50 അനുസരിച്ച്

അനുവദിക്കുന്നത്. അത് ചെയറിന്റെ ദൗർബല്യമായി കണക്കാക്കരുത്. ഇത്തരം പ്രവണതകൾ കേരള നിയമസഭയ്ക്കും ജനാധിപത്യത്തിനും ഭൂഷണ മല്ല.

**അടിയന്തര പ്രമേയം**

**സൂര്യനെല്ലികേസ്സിന്മേൽ പുനരന്വേഷണം സംബന്ധിച്ച്**

മി. സ്പീക്കർ: സൂര്യനെല്ലിക്കേസിൽ 'ഇര' നൽകിയ പരാതിയിൽ സർക്കാർ ആവശ്യപ്പെട്ട നിയമോപദേശം ലഭിച്ചിരിക്കുകയും കേസ്സിൽ പുതിയ തെളിവുകളും വെളിപ്പെടുത്തലുകളും പുറത്തുവരികയും ചെയ്ത സാഹചര്യ ത്തിൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കാതെ നീട്ടിക്കൊണ്ടുപോകുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, സി.കെ. നാണു, എ.എ. അസീസ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സൂര്യനെല്ലിക്കേസ്സുമായി ബന്ധപ്പെട്ട് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം ലഭ്യമായിട്ടുണ്ട്. നിയമോപദേശം അനുസരിച്ച് സർക്കാരിന് ചില പരിമിതികളുണ്ട്. നിയമത്തിനുള്ളിൽ നിന്നുകൊണ്ട് സർക്കാരിന് ചെയ്യാനുള്ള കാര്യങ്ങൾ ചെയ്യുന്നതിന് തടസ്സമില്ല. സൂര്യനെല്ലിക്കേസ്സിലെ പെൺകുട്ടിയുടെ പെറ്റീഷനുമേൽ അഡ്വക്കേറ്റ് ജനറ ലിന്റെ ഒപ്പീനിയൻ ലഭിക്കാത്ത സാഹചര്യത്തിലാണ് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം ലഭ്യമാക്കിയത്. ഇപ്പോഴത്തെ

സാഹചര്യത്തിൽ ഈ കേസിൽ മുന്നോട്ടുപോകാൻ സാധ്യമല്ലായെന്നാണ് നിയമോപദേശം ലഭിച്ചിട്ടുള്ളത്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യാതെ യഥാർത്ഥ വസ്തുതകൾ മറയ്ക്കാൻ ശ്രമിക്കുന്നത് ദൗർഭാഗ്യകരമാണ്. ഹൈക്കോടതി വിധി റദ്ദ് ചെയ്തുകൊണ്ട് സുപ്രീംകോടതി നടത്തിയ നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിലാണ് പ്രസ്തുത കേസ് വീണ്ടും വിഷയമാകുന്നത്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ എങ്ങനെ കൈകാര്യം ചെയ്യണമെന്ന സന്ദേശമാണ് സുപ്രീം കോടതിയുടെ വിധിയിലൂടെ വ്യക്തമാകുന്നത്. ഹൈക്കോടതി വിധി റദ്ദ് ചെയ്ത് പുനർവിചാരണ നടത്തണമെന്ന് സുപ്രീം കോടതി ആവശ്യപ്പെട്ട സാഹചര്യത്തിലാണ് ആരോപണവിധേയനായ വ്യക്തിക്കെതിരെയുള്ള പരാതികൂടി അന്വേഷിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുള്ളത്. പുതിയ വസ്തുതകൾ വെളിപ്പെട്ടാൽ നിയമോപദേശം ആവശ്യമില്ലാതെ തന്നെ തുടരന്വേഷണം നടത്താം. എന്നാൽ തുടരന്വേഷണം ഒഴിവാക്കാനാണ് സർക്കാർ നിയമോപദേശത്തിന് പോയത്. സംസ്ഥാനത്തുണ്ടായ സമാനസ്വഭാവമുള്ള കേസ്സുകൾ സർക്കാർ പരിശോധിക്കണം. ഇരയായ പെൺകുട്ടിക്കെതിരെ ആക്ഷേപമുന്നയിച്ച ഒരാളെ ഗവൺമെന്റിന്റെ വക്കീലായി നിലനിർത്തുന്നത് ശരിയല്ല. സ്ത്രീസമൂഹത്തോടുള്ള ഈ ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കണം. ഈ കേസിൽ ഗവൺമെന്റ് ഗൗരവമായി ഇടപെടുകയും നിഷ്പക്ഷമായി നടപടി സ്വീകരിക്കുകയും വേണം. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവു വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ സമർപ്പിച്ച സ്പെഷ്യൽ പെറ്റീഷൻ നിരസിച്ച സാഹചര

ൃത്തിൽ ഈ കേസ് പുനരന്വേഷിക്കുന്നതിന് തടസ്സമുണ്ടെന്ന നിയമോപദേശമാണ് ഗവൺമെന്റിന് ലഭിച്ചിട്ടുള്ളത്. സുപ്രീം കോടതി ഫൈനൽ വിധി പുറപ്പെടുവിച്ച ഒരു കേസ് വീണ്ടും റീ-ഓപ്പൺ ചെയ്യുന്നതിന് നിയമതടസ്സം നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രതിപക്ഷാംഗങ്ങൾക്ക് ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യാവുന്നതാണ്. പീഡനത്തിനിരയായ പെൺകുട്ടിക്കുവേണ്ടി സുപ്രീം കോടതിയിൽ ഹാജരായ ജസ്റ്റിസ് കെ. പത്മനാഭൻ നായർ തികച്ചും നിഷ്പക്ഷമായിട്ടാണ് പ്രസ്തുത കേസ് കൈകാര്യം ചെയ്തത്. ഇത്തരമൊരു സാഹചര്യത്തിൽ ഈ കേസുമായി മുന്നോട്ടു പോകാൻ ഗവൺമെന്റിന് നിയമപരമായ ബുദ്ധിമുട്ടുണ്ട്. ശ്രീ. പി.ജെ. കുര്യനെതിരെ പുനരന്വേഷണം നടത്തുന്നതിന് സുപ്രീം കോടതിയുടെ കൺസെൻസസ് ആവശ്യമാണ്. സുപ്രീം കോടതിയുടെ നിരീക്ഷണം, കണ്ടെത്തൽ, ഭരണഘടനയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ, സി.ആർ.പി.സി വ്യവസ്ഥ 305 എന്നിവ അനുസരിച്ച് നടപടി സ്വീകരിക്കാൻ പരിമിതികളുണ്ട്. ഇക്കാര്യത്തിൽ പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ, ജസ്റ്റിസ് കെ. പത്മനാഭൻ നായർ, ലാ സെക്രട്ടറി എന്നിവരുടെ നിയമോപദേശം ലഭിച്ചിട്ടുണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ജസ്റ്റിസ് കെ. പത്മനാഭൻ നായരുടെ വാദഗതികൾ അംഗീകരിച്ചുകൊണ്ടാണ് സുപ്രീം കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ളത്. നിയമത്തിനുള്ളിൽ നിന്നുകൊണ്ടുള്ള ഏത് നടപടിക്കും ഗവണ്മെന്റ് തയ്യാറാണ്. ഗവണ്മെന്റിന് ലഭിച്ച മൂന്ന് നിയമോപദേശങ്ങളും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണ്. അവ പരിശോധിച്ച് അന്തിമതീരുമാനത്തിലെത്താൻ പ്രതിപക്ഷവും സഹകരിക്കണം.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യൂ ടി തോമസ്, എ.എ. അസീസ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തി അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോയി. പ്രതിപക്ഷനേതാവിന്റെ പ്രസ്താവനയ്ക്കിടയിൽ സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ വനിതാംഗങ്ങൾ സഭയ്ക്കുപുറത്ത് സത്യാഗ്രഹമനുഷ്ഠിക്കുമെന്ന് പ്രഖ്യാപിച്ചു. പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപസമയത്തിനുശേഷം സഭയിൽ തിരിച്ചുവന്നു.)

**ശ്രദ്ധക്ഷണിക്കൽ**

1 **സെക്യൂരിറ്റി ജീവനക്കാരുടെ തൊഴിൽ സുരക്ഷയും ക്ഷേമവും**

ശ്രീ. കെ. എം. ഷാജി: കേരളത്തിലെ സ്വകാര്യ സ്ഥാപനങ്ങളിൽ സെക്യൂരിറ്റി ജീവനക്കാരായി ജോലിചെയ്യുന്നവർ അറുപതു വയസ്സിനു മുകളിലുള്ള വൃദ്ധരായ ആളുകളാണ്. മാൻപവർ വിതരണം ചെയ്യുന്ന ഏജന്റുമാരാണ് ഇവരെ ഏറ്റവും കൂടുതൽ ചൂഷണം ചെയ്യുന്നത്. ഏജന്റുമാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന തുകയുടെ പകുതിപോലും ഇവർക്ക് വേതനമായി നൽകുന്നില്ല. ഇവർക്ക് വേണ്ടത്ര പരിശീലനമോ സുരക്ഷയ്ക്കാവശ്യമായ ആയുധമോ തൊഴിൽചെയ്യുന്ന സ്ഥാപനങ്ങൾ നൽകാറില്ല. ഇവർക്കാവശ്യമായ സംരക്ഷണം നൽകുന്നതോടൊപ്പം മിനിമം വേജസ് ഉറപ്പാക്കുകയും വേണം. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന സെക്യൂരിറ്റി ജീവനക്കാരെ സംരക്ഷിക്കാൻ

കഴിയുന്ന തരത്തിൽ നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ഗവൺമെന്റ് ഈ മേഖലയിൽ മിനിമം വേജസും, ക്ഷാമബത്തയും, യൂണീഫോം അലവൻസും, സർവ്വീസ് വെയിറ്റേജും പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇത് ഫലപ്രദമായി നടപ്പാകുന്നില്ല. ഏജന്റുമാർ നടത്തിവരുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനായി 21 സ്ഥാപനങ്ങൾക്കെതിരെ ഗവൺമെന്റ് പ്രോസിക്യൂഷൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. 2005-ൽ നിയമസഭ പാസ്സാക്കിയ പ്രൈവറ്റ് സെക്യൂരിറ്റി റഗുലേഷൻ ആക്ട് പ്രകാരം ആഭ്യന്തര വകുപ്പിനെയാണ് ഇവരുടെ രജിസ്ട്രേഷന്റേയും റഗുലേഷന്റേയും ചുമതല ഏല്പിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ ലേബർ ഡിപ്പാർട്ടുമെന്റിന് ചില പരിമിതികളുണ്ട്. ഈ മേഖലയിൽ പണിയെടുക്കുന്ന 60 വയസ്സിന് മുകളിലുള്ള ആളുകൾക്ക് സ്വാഭാവികമായും ഇ.എസ്.ഐ., പി.എഫ് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. പത്തു വർഷമെങ്കിലും ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റിന്റെ കീഴിൽ പണിയെടുത്ത് ക്ഷേമനിധി അംഗത്വമുള്ളവർക്കാണ് പെൻഷൻ ലഭിക്കുന്നത്. സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിന്റെകൂടി സഹായത്തോടെ വൃദ്ധരായിട്ടുള്ള ഇവരുടെ കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നത് പരിശോധിക്കുന്നതാണ്. സെക്യൂരിറ്റി മേഖലയെ ഒരു തൊഴിൽ മേഖലയാക്കി മാറ്റുന്നതിനും തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്.

## (2) വൈദ്യുതി ബോർഡ് പുന:സംഘടന

ശ്രീ. സി. ദിവാകരൻ: കെ.എസ്.ഇ.ബി.-യെ കമ്പനിയാക്കി പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചതിലൂടെ ഇലക്ട്രിസിറ്റി ബോർഡിലെ ജീവന

ക്കാർക്കും പെൻഷൻകാർക്കുമുണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കണം. ഡിപ്പാർട്ടുമെന്റിൽ നിന്ന് ബോർഡാക്കി മാറ്റിയപ്പോൾ ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും സംരക്ഷിക്കപ്പെടുമെന്ന ഗവൺമെന്റ് ഗ്യാരന്റി കമ്പനി യാക്കി മാറ്റുമ്പോഴും ഉണ്ടാകണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തയ്യാറാ ക്കിയ സ്കീമിൽ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആനുകൂല്യ ങ്ങൾ സംരക്ഷിക്കുമെന്ന ഗ്യാരന്റിയുണ്ടായിരുന്നു. ഇപ്പോൾ നടപ്പാക്കാൻ പോകുന്ന സ്കീമിൽ 7584 കോടി രൂപയുടെ ഒരു പെൻഷൻ ഫണ്ട് രൂപീകരിച്ച് പെൻഷൻ കൊടുക്കാമെന്ന് പറയുന്നത് അപ്രായോഗികമാണ്. കമ്പനിയുടെ റഗുലർ ക്യാഷ് ഫ്ളോയിൽ നിന്ന് പെൻഷൻ ഫണ്ടിലേയ്ക്ക് തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. ഈ സ്കീം നിയമ സഭയിൽ ചർച്ചയ്ക്ക് വിധേയമാക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): 25-08-08-ലെ ക്യാബിനറ്റ് തീരുമാനമനുസരിച്ച് കമ്പനി രജിസ്റ്റർ ചെയ്യുകയും 25-09-08-ൽ കെ.എസ്.ഇ.ബി.യുടെ അസറ്റും ലയബിലിറ്റിയും ഗവൺമെന്റിൽ വെസ്റ്റ് ചെയ്യുകയും ചെയ്തതോടുകൂടി കെ.എസ്.ഇ.ബി. എന്ന സ്ഥാപനം നിലവിലില്ലാതായി. ഒരു സ്പെഷ്യൽ ഓഫീസറെയും മൂന്ന് കമ്മിറ്റി അംഗ ങ്ങളെയും വച്ചുകൊണ്ടാണ് ഇപ്പോൾ ഈ സ്ഥാപനം നടത്തിവരുന്നത്. 2003 -ലെ ആക്ട് അനുസരിച്ച് അസറ്റ് റീ-വെസ്റ്റ് ചെയ്യുന്നതിനുവേണ്ടി 14-01-11-ൽ അന്നത്തെ ഗവൺമെന്റ് കമ്പനി രജിസ്റ്റർ ചെയ്തു. ഇനി റീ-വെസ്റ്റ് ചെയ്യുന്ന പ്രക്രിയ മാത്രമേ ബാക്കിയുള്ളൂ. ഈ സ്കീം നിയമസഭ യിൽ ലേ ചെയ്യാൻ സർക്കാർ തയ്യാറാണ്. ജീവനക്കാരുടെയും പെൻഷൻകാ രുടെയും നിലവിലുള്ള ആനൂകൂല്യങ്ങളും അവകാശങ്ങളും നിലനിർത്തുന്ന തിനും ട്രൈപാർട്രിയേറ്റ് എഗ്രിമെന്റ് ഉണ്ടാക്കുന്നതിനും കെ.എസ്.ഇ.ബി.ക്ക്

കുടിശ്ശിക ഇനത്തിൽ കൊടുക്കാനുള്ള 7524 കോടി രൂപയിൽ 57% നൽകുന്നതിനും ബാക്കിയുള്ളതിന് ബോണ്ട് ഇറക്കുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ കാലത്ത് ഷെയർ ഡിസ്ഇൻവെസ്റ്റ് ചെയ്യുകയോ സ്വകാര്യ മേഖലയെ കടന്നുവരാനനുവദിക്കുകയോ ചെയ്യില്ല.

**പ്രസ്താവന**

**സത്യാഗ്രഹ സമരം മാറ്റിവച്ചതു സംബന്ധിച്ച്**

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): വനിതാ മെമ്പർമാരെ കയ്യേറ്റം ചെയ്ത പോലീസുകാർക്കെതിരെ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നം സംബന്ധിച്ച് ആഭ്യന്തര വകുപ്പുമന്ത്രിയുടെ പ്രൊപ്പോസൽ പ്രാഥമികമായി അംഗീകരിക്കുന്നു. ഇതുസംബന്ധിച്ച് നടപടിയുണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ആറ് വനിതാ എം.എൽ.എ. മാർ സഭയുടെ പുറത്ത് നടത്താൻ നിശ്ചയിച്ചിരുന്ന സത്യാഗ്രഹം മാറ്റിവയ്ക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സൂര്യനെല്ലി കേസിന്റെ പുനരന്വേഷണവുമായി ബന്ധപ്പെട്ട മൂന്ന് ലീഗൽ ഒപ്പീനിയനുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

**സബ്മിഷൻ**

**(1) വിൽസൺസ് ഡിസീസ്**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: വിൽസൺസ് ഡിസീസ് ബാധിച്ച കൊച്ചി ചെല്ലാനം പഞ്ചായത്തിലെ പാല്യത്തെ ഒരു കുടുംബത്തിലെ നാല് കുട്ടികൾക്ക് ചികിത്സാസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : വിൽസൺസ് ഡിസീസ് ബാധിച്ച സഹോദരങ്ങളായ നാല് കുട്ടികളുടെ കരൾ മാറ്റിവയ്ക്കൽ ചികിത്സയ്ക്കായി 56 ലക്ഷം രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇവർക്ക് കരൾ നൽകുന്നതിന് ഇതിനോടകം 12 പേർ സന്നദ്ധത അറിയിച്ചിട്ടുണ്ട്. പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ ധാരാളംപേർ സാമ്പത്തിക സഹായം നൽകുന്നതിന് മുന്നോട്ടുവന്നിട്ടുണ്ട്. ഇവർക്ക് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ പരിശോധിച്ചശേഷം കാരുണ്യാ ബനവലന്റ് ഫണ്ടിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്നും തുടർ ചികിത്സയ്ക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്യുന്നതാണ്.

**(2) ശ്രീ. അരുൺ വിക്രമന്റെയും ശ്രീമതി ആർ. പ്രീതയുടെയും നേർക്കുണ്ടായ ആക്രമണം.**

ശ്രീ. വി. ശിവൻകുട്ടി : നേമം നിയോജകമണ്ഡലത്തിലെ ഡി.വൈ.എഫ്.ഐ. യൂണിറ്റ് സെക്രട്ടറിയും ലോക്കൽ കമ്മിറ്റിയംഗവുമായ ശ്രീ. അരുൺ വിക്രമനെ ക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച ആർ.എസ്.എസ്. പ്രവർത്തകർക്കെതിരെയും മുൻ കരകുളം പഞ്ചായത്ത് പ്രസിഡന്റും കുടുംബശ്രീ ചെയർപേഴ്സണുമായ ശ്രീമതി ആർ. പ്രീതയെ മർദ്ദിച്ച പോലീസുകാർക്കെതിരെയും കർശന നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ശ്രീ. അരുൺ വിക്രമനെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ഒന്നും രണ്ടും പ്രതികളെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിരിക്കുകയുമാണ്. പോലീസ് മർദ്ദനത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ശ്രീമതി ആർ.

പ്രീതയുടെ പരാതി സർക്കാർ ഗൗരവമായി പരിഗണിക്കുന്നതും ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യുന്നതുമാണ്.

## (3) പതിനാല് വയസ്സുകാരി പീഡിപ്പിക്കപ്പെട്ട സംഭവം

ശ്രീ. പി.സി. വിഷ്ണുനാഥ് : ഇടുക്കി ജില്ലയിലെ രാജാക്കാട് പതിനാല് വയസ്സുള്ള പെൺകുട്ടിയെ ക്രൂരമായി മാനഭംഗപ്പെടുത്തി ഏലത്തോട്ടത്തിൽ ഉപേക്ഷിച്ച സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും കുട്ടിയുടെ കുടുംബത്തിന് സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഇടുക്കി ജില്ലയിലെ കാഞ്ഞിരപ്പാറ വില്ലേജിലെ അഞ്ചുമുക്ക് കടവിൽ വീട്ടിൽ സോമന്റെ മകളായ അഖില എന്ന പതിനാലു വയസ്സുകാരിയെ പീഡിപ്പിച്ചതായി ശാന്തൻപാറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സിന്റെ അടിസ്ഥാനത്തിൽ പ്രതിയായ കുറ്റിച്ചൽ ദീപുവിനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. പെൺകുട്ടിയുടെ കുടുംബത്തെ ഭീഷണിപ്പെടുത്തുന്നതായ പരാതിയിന്മേൽ നടപടി സ്വീകരിക്കുന്നതും ആവശ്യമായ സംരക്ഷണം നൽകാൻ നിർദ്ദേശം നൽകുന്നതുമാണ്.

## (4) ആശാ വർക്കേഴ്സിന് ഓണറേറിയം

ശ്രീ. പി.കെ. ഗുരുദാസൻ : സംസ്ഥാനത്ത് ഗർഭിണികളുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യ പരിരക്ഷയ്ക്കായി നിയോഗിച്ചിട്ടുള്ള 31549 ആശാ വർക്കർമാരുടെ പ്രതിമാസ ഓണറേറിയം വർദ്ധിപ്പിക്കാനും കുടിശ്ശിക കൊടുത്തു തീർക്കാനും ആവശ്യമായ പരിരക്ഷ നൽകാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമം ഉറപ്പുവരുത്തുന്നതിനായി നിയോഗിച്ചിട്ടുള്ള ആശാപ്രവർത്തകർക്ക് പ്രതിമാസം 300 രൂപ ഓണറേറിയം നൽകുന്നതിനാവശ്യമായ സർക്കാർ ഫണ്ട് എൻ.ആർ. എച്ച്. എം. ന് നൽകിവരുന്നതിനുപുറമെ പ്രതിരോധകുത്തിവയ്പ്പിന് കുഞ്ഞിനെ കൊണ്ടുപോകുക, ഗർഭിണിയുടെ ഗർഭകാലപരിചരണം നടത്തുക, വന്ധ്യംകരണ ക്യാമ്പിൽ ആളുകളെ എത്തിക്കുക, വാർഡ് ഹെൽത്ത് സാനിറ്റേഷൻ യോഗത്തിൽ പങ്കെടുക്കുക തുടങ്ങിയ വിവിധയിനം പ്രവൃത്തികൾക്ക് പ്രത്യേകം ഇൻസെന്റീവ് നൽകാറുണ്ട്. സർക്കാർ ഫണ്ടിൽനിന്നും നൽകിവന്നിരുന്ന ഓണറേറിയം 500 രൂപയായി വർദ്ധിപ്പിച്ചതുപ്രകാരമുള്ള കുടിശ്ശിക ഈ മാസം 22 മുതൽ കൊടുത്തുതുടങ്ങും. പ്രസ്തുത തുക 600 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 2012-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം ഇൻസെന്റീവ് തുക വർദ്ധിപ്പിക്കുന്നതിനും കേന്ദ്രാനുമതി തേടിയിട്ടുണ്ട്.

(5) പ്രീ- പ്രൈമറി അദ്ധ്യാപികമാർക്ക് ഓണറേറിയം

ശ്രീമതി കെ. എസ്. സലീഖ: സർക്കാരിന്റെ പ്രീ-പ്രൈമറി കോഴ്സ് പാസ്സാകാത്തതിന്റെ പേരിൽ ഓണറേറിയം നിഷേധിക്കപ്പെട്ട സർക്കാർ എയ്ഡഡ് മേഖലകളിലെ പ്രീ-പ്രൈമറി സ്കൂളുകളിൽ പണിയെടുക്കുന്ന അദ്ധ്യാപകരുടെ ഓണറേറിയം കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സ്ഥല സൗകര്യമുള്ള സർക്കാർ സ്കൂളുകളോടനുബന്ധിച്ച് സ്വന്തം ചെലവിൽ പ്രീ-പ്രൈമറി

ക്ലാസുകൾ നടത്തിക്കൊണ്ടുപോകാൻ പി. റ്റി. എ. കൾക്ക് അനുവാദം നൽകിക്കൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് പത്താംക്ലാസ് വിജയവും സർക്കാർ അംഗീകൃത പി.പി.റ്റി.ഐ. കളിൽനിന്നുള്ള വിജയകരമായ പരിശീലനവും ആയയുടേത് ഏഴാം ക്ലാസ് വിജയവുമാണ് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. എയ്ഡഡ് സ്കൂളുകളിൽ പ്രീ-പ്രൈമറി ക്ലാസുകൾ ആരംഭിക്കാൻ പി.റ്റി.എ.യ്ക്ക് അനുവാദം നൽകിയിട്ടില്ല. ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ. നടത്തിവരുന്ന പ്രീ-പ്രൈമറി സ്കൂളിലെ യോഗ്യതയുള്ള അദ്ധ്യാപകർക്കും ആയമാർക്കും പ്രതിമാസ ഓണറേറിയം 5000, 3500 രൂപ ക്രമത്തിൽ വർദ്ധിപ്പിച്ച് തുക അനുവദിച്ചിട്ടുണ്ട്. 1-8-2012-ൽ ഒരു വർഷമെങ്കിലും സേവനം പൂർത്തിയാക്കിയതും സർക്കാർ ഇപ്പോൾ നിശ്ചയിച്ച യോഗ്യത നേടാത്ത പ്രീ-പ്രൈമറി ജീവനക്കാർക്കുകൂടി നിബന്ധനകൾക്ക് വിധേയമായി വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

### (6) പരിസ്ഥിതി വിരുദ്ധ പ്രവർത്തനങ്ങൾ

ശ്രീമതി ഇ.എസ്. ബിജിമോൾ: വന്യജീവി സങ്കേതങ്ങളുടെയും ദേശീയ ഉദ്യാനങ്ങളുടേയും ചുറ്റുമുള്ള പരിസ്ഥിതി വിരുദ്ധ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ശുപാർശകൾ സമർപ്പിക്കുന്നതിന് നിയോഗിച്ച ശ്രീ. വി. ഡി. സതീശൻ കമ്മിറ്റിയുടെ ഇടുക്കി സന്ദർശനത്തെത്തുടർന്ന് ആളുകൾക്കുണ്ടായിട്ടുള്ള ആശങ്ക ദൂരീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): വന്യജീവി സങ്കേതങ്ങളുടെ 10 കിലോമീറ്റർ റേഡിയസ്സിൽ

പാരിസ്ഥിതിക വിരുദ്ധ പ്രവർത്തനങ്ങൾ തടയണമെന്ന് 2002-ൽ സുപ്രീം കോടതിയുടെ ഒരു നിർദ്ദേശം വരികയുണ്ടായി. പറമ്പിക്കുളത്തെ ആദി വാസി കുടുംബങ്ങൾ ടൂറിസത്തെ ആശ്രയിച്ചാണ് ജീവിക്കുന്നത്. ആയതി നാൽ പ്രസ്തുത ഉത്തരവ് റിവ്യൂ ചെയ്യണമെന്ന കേന്ദ്ര-സംസ്ഥാന സർക്കാ രുകളുടെ ആവശ്യാർത്ഥം റിവ്യൂ ചെയ്യാൻ സുപ്രീം കോടതി തയ്യാറാകു കയും ഫെബ്രുവരി 15-ന് മുമ്പ് സംസ്ഥാനങ്ങൾ വന്യജീവിസങ്കേതങ്ങളും ചുറ്റുമുളള സമീപപ്രദേശങ്ങളും എങ്ങനെ മാനേജുചെയ്യാൻപോകുന്നുവെന്ന് സുപ്രീം കോടതിയെ അറിയിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തി ട്ടുണ്ട്. നാടിന്റെ നന്മയ്ക്കുവേണ്ടിയാണ് ജനപ്രതിനിധികളായ എം.എൽ.എ. മാരെ ഉൾപ്പെടുത്തി സബ് കമ്മിറ്റികൾ രൂപീകരിച്ച് അഭിപ്രായങ്ങൾ ഏകോ പിപ്പിച്ചത്. ഇതുസംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പി ക്കുന്നതാണ്. എല്ലാ സ്റ്റേറ്റിന്റെയും റിപ്പോർട്ടുകൾ ഏകോപിപ്പിച്ചുകൊടുക്കേ ണ്ടത് കേന്ദ്രസർക്കാരാണ്.

(7) കുടിവെളളക്ഷാമം പരിഹരിക്കുന്നതിന് നടപടി

ശ്രീ. കെ. രാധാകൃഷ്ണൻ: ചേലക്കര മണ്ഡലത്തിലെ കുടിവെളള ക്ഷാമം പരിഹരിക്കുന്നതിന് ഭാരതപ്പുഴയ്ക്ക് കുറുകെ 5 തടയണകൾ നിർമ്മി ക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : കരാറുകാരൻ മരണ പ്പെട്ടതിനാൽ ഭാരതപ്പുഴയ്ക്ക് കുറുകെ ചെറുതുരുത്തിയിൽ നിർമ്മാണം ആരംഭിച്ച തടയണകളുടെ പ്രവൃത്തി തടസ്സപ്പെട്ടു. ശേഷിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പുതുക്കിയ ഷെഡ്യൂൾ പ്രകാരം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെട്ടതായതിനാൽ റവന്യൂ

വകുപ്പിൽനിന്ന് പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്. കൂട്ടിൽമുക്ക് തടയണയുടെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയാണ്. പൈങ്കുളം തടയണയുടെ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള 16 കോടി രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. കുടപ്പാറക്കയം തടയണ നിർദ്ദിഷ്ട സ്ഥാനത്ത് പ്രായോഗികമല്ലെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ലൊക്കേഷനിൽ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടന്നുവരുന്നു. ചീരക്കുഴി തടയണയ്ക്ക് ഫണ്ടിന്റെ അഭാവമുള്ളതിനാൽ അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് റെപ്രസന്റേഷൻ നൽകണമെന്നും തടയണകളുടെ പ്രവൃത്തികൾ എത്രയുംവേഗം പൂർത്തിയാക്കണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## (8) മൂർക്കനാട് കുടിവെള്ള പദ്ധതി

ശ്രീ. റ്റി.എ. അഹ്മദ് കബീർ: മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് ഗ്രാമീണ കുടിവെള്ള പദ്ധതി ഈ വർഷംതന്നെ കമ്മീഷൻ ചെയ്യാനും വിതരണ ശൃംഖലയ്ക്കാവശ്യമായ ഫണ്ട് ലഭ്യമാക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : മൂർക്കനാട് കുടിവെള്ള പദ്ധതിക്ക് 28.74 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതാണ്. തൂതപ്പുഴയിൽനിന്നും കിണർ, പമ്പ് ഹൗസ്, 500 എം.എം. സി.ഐ. ഗ്രാവിറ്റി മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, ഘട്ടം ഒന്നുമുതൽ 5 വരെയുള്ളതിന്റെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, റിസർവോയർ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി

യുടെ പ്രധാന ഘടകമായ ജലശുദ്ധീകരണശാലയുടെ പ്രവൃത്തി റീടെണ്ടർ ചെയ്തിരിക്കുകയാണ്. പണി എത്രയുംവേഗം തുടങ്ങുന്നതാണ്. ഘട്ടം 1, 3-ന്റെ വിതരണ ശൃംഖലയ്ക്ക് എസ്.എൽ.എസ്.സി.-യിൽ ഉൾപ്പെടുത്തി അനുമതി നൽകി പ്രവൃത്തി പുരോഗമിച്ചുവരികയാണ്. കൂട്ടിലങ്ങാടി, മങ്കട പഞ്ചായത്തുകളിലേയ്ക്കുള്ള വിതരണ ശൃംഖല ജലനിധിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

**(9) ജപ്പാൻ കുടിവെള്ള പൈപ്പ് ലൈനുകളുടെ ശോചനീയാവസ്ഥ**

ശ്രീ. പി. തിലോത്തമൻ : ചേർത്തല താലൂക്കിലെ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനുകളുടെ ശോചനീയാവസ്ഥ പരിഹരിച്ച് പദ്ധതി ജനങ്ങൾക്ക് അനുഭവയോഗ്യമാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം പതിമൂവ്വായിരത്തിലധികം കണക്ഷൻ നൽകിയതിൽ ഏഴായിരത്തി ഇരുന്നൂറിലധികം റെഗുലറൈസ് ചെയ്തു. പൊട്ടുന്ന പൈപ്പുകൾ കഴിയുന്നതും വേഗം പുനഃസ്ഥാപിക്കുന്നുണ്ട്. സമയബന്ധിതമായി തീർക്കാതെ പോകുന്ന ചോർച്ചകൾ മറ്റ് മാർഗ്ഗേന ചെയ്തുതീർക്കാനും അതിന്റെ ലയബിലിറ്റി ഐ.വി.ആർ.സി.എൽ. കമ്പനിയുടെ മേൽ ചുമത്താനും തീരുമാനിച്ചിട്ടുണ്ട്. ചേർത്തല താലൂക്കിലെ ചെറിയ കുടിവെള്ള പദ്ധതികളിലെ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി ചെയ്തുതീർക്കുന്നുണ്ട്. പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി ഒരു ഹെൽപ്പ് ഡെസ്ക് ആരംഭിച്ചിട്ടുണ്ട്. ഡോക്കറ്റ് സംവിധാനം ഉപയോഗിച്ച് ലഭിക്കുന്ന പരാതികൾ പ്രസ്തുത കമ്പനിയെ ഏൽപ്പിക്കുകയും പരാതികൾ പരിഹരിക്കപ്പെടുന്നതിന്റെ പുരോഗതി അവലോകനം

ചെയ്യുകയും ചെയ്യുന്നുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതി കുറ്റമറ്റരീതിയിൽ നടപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**(10) <u>വിദ്വാൻ പി. കേളുനായരുടെ പേരിൽ സാംസ്കാരിക കേന്ദ്രം</u>**

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : വിദ്വാൻ പി. കേളുനായരുടെ പേരിൽ കാഞ്ഞങ്ങാട് ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.സി. ജോസഫ്</u>) : വിദ്വാൻ പി. കേളുനായരുടെ പേരിൽ സാംസ്ക്കാരിക കേന്ദ്രം വേണമെന്ന ആവശ്യവുമായി ബന്ധപ്പെട്ട് സർക്കാരിന് അപേക്ഷ ലഭിച്ചിട്ടില്ല. വിശദമായ പ്രോജക്ട് റിപ്പോർട്ടും ഉചിതമായ സ്ഥലവും മറ്റ് സാഹചര്യങ്ങളും ലഭ്യമാക്കുകയാണെങ്കിൽ അതുമായി സഹകരിക്കാനും ആവശ്യമായ സാമ്പത്തിക സഹായം നൽകാനും നടപടി സ്വീകരിക്കുന്നതാണ്.

**(11) <u>കൊട്ടാരക്കര തമ്പുരാൻ ക്ലാസ്സിക്കൽ കലാമ്യൂസിയം</u>**

<u>ശ്രീമതി പി. അയിഷാ പോറ്റി</u> : കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാമ്യൂസിയം നവീകരിച്ച് കഥകളി കലാരൂപങ്ങളും ആടയാഭരണങ്ങളുമടക്കമുള്ള വസ്തുക്കൾ പൊതുജനങ്ങൾക്കായി പ്രദർശിപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (<u>ശ്രീ. കെ.സി. ജോസഫ്</u>) : കൊട്ടാരക്കര തമ്പുരാൻ ക്ലാസ്സിക്കൽ കലാമ്യൂസിയം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. മ്യൂസിയം നവീകരണത്തിന്റെ ഭാഗമായി വിവിധ ഗാലറികൾ സജ്ജീകരിക്കുന്നതിന് അഞ്ച് ലക്ഷം രൂപ ചെലവഴിച്ചി

ട്ടുണ്ട്. മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ള ആടയാഭരണങ്ങളോടുകൂടിയ ഒമ്പത് കഥകളി പ്രതിമകളുടെ വേഷങ്ങൾ മാറ്റി മോടിപിടിപ്പിക്കുന്നതിനുവേണ്ടി കേരള കലാമണ്ഡലവുമായി പുരാവസ്തു വകുപ്പ് ധാരണയായിട്ടുണ്ട്.

**(12) ഇടപ്പള്ളി-അരൂർ ബൈപ്പാസ്സിൽ ഫ്ളൈ ഓവർ**

ശ്രീ. ബെന്നി ബെഹനാൻ : ഇടപ്പള്ളി, പാലാരിവട്ടം ബൈപ്പാസുകളിലും വൈറ്റില, കുണ്ടന്നൂർ ജംഗ്ഷനുകളിലും ഫ്ളൈ ഓവറുകൾ സ്ഥാപിച്ച് ട്രാഫിക് ബ്ലോക്ക് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ഇടപ്പള്ളി-അരൂർ ബൈപ്പാസിൽ ഇടപ്പള്ളി, പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ എന്നീ സ്ഥലങ്ങളിൽ ഫ്ളൈ ഓവറുകൾ നിർമ്മിക്കാനുള്ള കരട് ഡി.പി.ആർ. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ചുമതലപ്പെടുത്തിയപ്രകാരം എസ്.എൻ.സി. ലാവ്ലിൻ ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി തയ്യാറാക്കുകയും 1450 കോടി രൂപയുടെ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുമുണ്ട്. ഇടപ്പള്ളി ഫ്ളൈ ഓവർ നിർമ്മാണത്തിന് സ്ഥല മെടുപ്പുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അധ്യക്ഷത യിൽ യോഗം ചേരുകയും സ്ഥലമെടുപ്പ് ഒഴിവാക്കികൊണ്ടുള്ള പദ്ധതി കൊണ്ടുവരാൻ സാധിക്കുമോയെന്ന് ആരായുകയുമുണ്ടായി. നാല് നിർദ്ദിഷ്ട ഫ്ളൈ ഓവറുകൾ യാഥാർത്ഥ്യമാക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വ ത്തിൽ ഒരു ഉന്നതതലയോഗം ചേരാൻ ഉദ്ദേശിക്കുന്നുണ്ട്.

**(13) ആറ്റിങ്ങൽ ബൈപ്പാസ്സ് റോഡ് നിർമ്മാണം**

ശ്രീ. ബി. സത്യൻ: കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ദേശീയ പാതയിലെ അപകടമേഖലയായി അറിയപ്പെടുന്നതുമായ ആറ്റിങ്ങൽ-മാമം പ്രദേശത്തെ

സർവ്വേ ജോലികൾ പൂർത്തിയായിട്ടുള്ളതിനാൽ 3(ഡി) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാൻ കേന്ദ്ര സർക്കാരിനോടും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയോടും അഭ്യർത്ഥിക്കാനും പ്രത്യേക പാക്കേജായി പ്രഖ്യാപിച്ച് ബൈപ്പാസ് നിർമ്മാണം ആരംഭിക്കാനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ദേശീയപാത വികസന പദ്ധതിയുടെ ഫേസ് 3-ൽ ബി.ഒ.ടി. പ്രോജക്ടിൽ ഉൾപ്പെടുത്തി നിലവിലുള്ള എൻ.എച്ച്-47-ന്റെ ഓച്ചിറ മുതൽ തിരുവനന്ത പുരം വരെയുള്ള ഭാഗം 45 മീറ്റർ വീതിയിൽ നാല്-ആറ് വരി പാതയാക്കി വികസിപ്പിക്കുന്ന പ്രവർത്തനങ്ങൾ ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്തിട്ടുള്ളതിൽ പുതുക്കിയ അലൈൻമെന്റ് പ്രകാരം ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണവും ഉൾപ്പെടുന്നുണ്ട്. പ്രസ്തുത ബൈപ്പാസ്സിനു വേണ്ടി 45 മീറ്റർ വീതിയിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും എൻ.എച്ച്. ആക്ട് പ്രകാരമുള്ള സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി 3(എ1) നോട്ടിഫിക്കേഷൻ കേന്ദ്ര ഗവൺമെന്റിന്റെ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും 3(ഡി) പ്രകാരമുള്ള സർവ്വേ നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയു മാണ്.

## (14) തകർന്ന റോഡ് റീ-ടാർ ചെയ്യാൻ നടപടി

ശ്രീ. എം. പി. വിൻസെന്റ്: ദേശീയപാത 47-ൽ മണ്ണുത്തി മുതൽ വടക്കുംചേരി വരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി കേന്ദ്ര ഫണ്ട് ലഭ്യമായില്ലെങ്കിൽ സംസ്ഥാന സർക്കാർ ഫണ്ട് അനുവദിച്ച് റോഡ് റീ-ടാർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്ത പ്രസ്തുത റോഡ് നിർമ്മാണം കൺസഷണയർ കമ്പനിയെ ഏൽപ്പിച്ചിട്ടുണ്ട്. 45 മീറ്റർ സ്ഥലം ഏറ്റെടുത്ത് കൊടുക്കാനുള്ള ബാധ്യത സംസ്ഥാന സർക്കാരിനാണ്. സ്ഥല മേറ്റെടുക്കുന്നതിലുണ്ടാകുന്ന തടസ്സങ്ങളാണ് പ്രധാന പ്രശ്നമായി ചൂണ്ടി കാണിക്കാനുള്ളത്. രണ്ടുമൂന്ന് പ്രാവശ്യം റിപ്പയറിംഗ് വർക്ക് നടത്തിയ കമ്പനി ഇനി റിപ്പയറിംഗ് നടത്താൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ട്. നാഷ ണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ 5 കോടി രൂപ അനുവദിച്ചുവെങ്കിലും കേരളത്തിൽ എല്ലാ പ്രോജക്ടുകൾക്കും തടസ്സം ഉണ്ടാകുന്നു എന്ന കാരണ ത്താൽ തുക വിത്ത്ഡ്രോ ചെയ്യാൻ തീരുമാനിക്കുകയാണുണ്ടായത്. ഇതു സംബന്ധിച്ച് സഭയുടെ വികാരം കേന്ദ്ര സർക്കാരിനേയും എം.പി. മാരെ യും അറിയിക്കുന്നതിനും പ്രശ്ന പരിഹാരത്തിന് ആവശ്യപ്പെടുന്നതുമാണ്.

### (15) എറണാകുളം മാർക്കറ്റും ബ്രോഡ്വേ പ്രദേശങ്ങളും പുനർനിർമ്മി ക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഹൈബി ഈഡൻ: കേന്ദ്ര ഗവൺമെന്റിന്റെ JNNURM പദ്ധതി യുടെ ഭാഗമായി കൊച്ചി നഗരസഭയ്ക്ക് ലഭിച്ച ബ്രോഡ് വേ ആന്റ് എറണാകുളം മാർക്കറ്റ് ഹെറിറ്റേജ് ആന്റ് അർബൻ റിന്യൂവൽ പ്രോജക്ട് ടെൻഡർ എക്സസ്സ് തുക അടച്ച് യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): എറണാകുളം മാർക്കറ്റും അതിന്റെ വിവിധ പ്രദേശങ്ങളും ഉൾക്കൊ ള്ളുന്ന സ്ഥലം കേന്ദ്ര സർക്കാറിന്റെ JNNURM പദ്ധതിയിൽ ഉൾപ്പെടുത്തി

82-ാമത് സെൻട്രൽ സാംങ്ഷനിംഗ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയിൽ കൊച്ചി ഹെറിറ്റേജ് പദ്ധതിക്ക് അനുമതി നൽകുകയും കേന്ദ്ര സർക്കാർ 50 ശതമാനം വിഹിതം നൽകുന്ന പദ്ധതിയുടെ പൂർത്തീകരണത്തിന് കേരള സർക്കാർ 30 ശതമാനവും കൊച്ചി നഗരസഭ 20 ശതമാനം തുകയും വകയിരുത്തണമെന്നുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ 22.10 കോടി രൂപയ്ക്ക് അനുമതി നൽകുകയും ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരന് വർക്ക് കൊടുക്കുന്നതിന് ടെക്നിക്കൽ കമ്മിറ്റിയുടെ ശുപാർശ പ്രകാരം നടപടി സ്വീകരിക്കാൻ എംപവേർഡ് കമ്മിറ്റി തീരുമാനമെടുക്കുകയും ചെയ്തുവെങ്കിലും അംഗീകാരം നൽകിയ പദ്ധതി തുകയ്ക്കു പുറമെയുള്ള അധിക ടെണ്ടർ തുക നൽകാൻ തയ്യാറില്ലെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടി വരും. സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിക്കായി 24.90 കോടി രൂപ കണ്ടെത്തേണ്ടി വരുമെന്നതിനാൽ ഇതുസംബന്ധിച്ച് എംപവേർഡ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം ലഭിച്ച നിർദ്ദേശം ധനവകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചുവരികയാണ്.

## (16) <u>അനധികൃത ക്വാറി പ്രവർത്തനവും മണൽ ഖനനവും</u>

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> : സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ അനധികൃതമായി നടന്നുവരുന്ന ക്വാറി പ്രവർത്തനവും മണൽ ഖനനവും നിയന്ത്രിക്കുന്നതിനും റവന്യൂ സ്ഥലങ്ങൾ കയ്യേറ്റം നടത്തി പാരിസ്ഥിക പ്രശ്നങ്ങൾക്ക് കാരണമാകുന്ന പ്രവർത്തനങ്ങൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥരെ ശിക്ഷിക്കാനും നടപടി സ്വീകരിക്കണം

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): താൽക്കാലിക പെർമിറ്റുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഭൂമിയിലെ പാറ ഖനനം 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരവും ദീർഘകാല പാട്ടങ്ങളും സ്വകാര്യ ഭൂമിയിലെ മുഴുവൻ ഖനനങ്ങളും 1967-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പ്രകാരവുമാണ് നിയന്ത്രിക്കുന്നത്. നിയമത്തിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്ന പെർമിറ്റുകളിലും ലിസ്റ്റുകളിലും പോരായ്മകളുള്ളപക്ഷം റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി, മലിനീകരണ നിയന്ത്രണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ നിയന്ത്രണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിയമവിരുദ്ധവും അനധികൃതവുമായ പ്രവർത്തനം നടന്നിട്ടുണ്ടെങ്കിൽ അതിനെതിരെ നടപടി സ്വീകരിക്കുന്നതുമാണ്.

## (17) പാഞ്ചിക്കാട്ട് കടവ് പാലത്തിന്റെ നിർമ്മാണം

ശ്രീ. ആർ. സെൽവരാജ്: നെയ്യാറ്റിൻകരയിലെ പാഞ്ചിക്കാട്ട് കടവ് പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഫാസ്റ്റ് ട്രാക്കിലുൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് നടപടിയുണ്ടാകണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): നെയ്യാറ്റിൻകര മണ്ഡലത്തിൽ പാഞ്ചിക്കാട്ട് കടവ് പാലത്തിന്റെ നിർമ്മാണത്തിന് ചെങ്കൽ, തിരുപ്പുറം വില്ലേജുകളിലായി 39.70 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 18-1-13-ൽ സംയുക്ത സ്ഥലപരിശോധന നടത്തി. റിക്കാർഡുകൾ ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്ത് വച്ച കടലാസുകൾ**

കാര്യവിവര പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

**റിപ്പോർട്ട് സമർപ്പണം**

2013-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബില്ലിനെ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

**നിയമ നിർമ്മാണകാര്യം**

**(i) 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ഭൂ നികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഈ നിയമം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 4 പ്രാവശ്യം ഓർഡിനൻസായി പുറത്തിറക്കിയെങ്കിലും നിയമത്തിലെ പോരായ്മകൾ പരിഹരിക്കപ്പെട്ടില്ല. കേരള ലാ റിഫോംസ് കമ്മീഷൻ ചൂണ്ടിക്കാണിച്ച പോരായ്മകളും പരിഗണിക്കേണ്ടതായുണ്ടായിരുന്നു. ഇക്കാരണങ്ങളാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുറപ്പെടുവിച്ച ഓർഡിനൻസ് പ്രാബല്യത്തിലല്ലാതാകുകയും ചെയ്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണവും ലാ റിഫോംസ് കമ്മീഷന്റെ നിർദ്ദേശങ്ങളും മറ്റുപ്രായോഗിക ബുദ്ധിമുട്ടുകളും വിശദമായി പരിശോധിച്ചതിനുശേഷമാണ് പുതിയ ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഈ ആക്ടിലെ വ്യവസ്ഥകളുടെ നിർവ്വഹണം സംബന്ധിച്ച മേൽനോട്ടം വഹിക്കുന്നതിനുള്ള അധികാരം ലാന്റ് റവന്യൂ കമ്മീഷണർക്ക് നൽകേണ്ടത് ഈ നിയമം കാര്യക്ഷമമാക്കുന്നതിന് ആവശ്യമാണെന്ന് കരുതുന്നു. ജില്ലാ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്ന നദീതീര സംരക്ഷണ പദ്ധതികൾ സൂക്ഷ്മ പരിശോധന നടത്തി പാസ്സാക്കുന്നതിന് സംസ്ഥാന തലത്തിൽ ഉന്നതതല സമിതി പ്രവർത്തിക്കുന്നതിനായി ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതുണ്ട്. നിലവിലുള്ള ജില്ലാ വിദഗ്ദ്ധ സമിതിയിലും കടവ് കമ്മിറ്റികളിലും തൊഴിലാളി പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അനധികൃത മണൽ നീക്കം നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി ചങ്ങലകളും തൂണുകളും സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകളും പോലീസിന് കേസ്സെടുക്കാനുള്ള അധികാരവും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനധികൃതമായി മണൽ കടത്തിനുപയോഗിക്കുന്ന വാഹനങ്ങളും ഉപകരണങ്ങളും കണ്ടുകെട്ടുന്നതിനും പിടിച്ചെടുക്കുന്നതിനും നിലവിലുള്ള നിയമത്തിലെ പോരായ്മകൾ പരിഹരിച്ച് പഴുതുകളില്ലാത്ത വ്യവസ്ഥകൾ ആക്ടിൽ ഉൾപ്പെടുത്തേണ്ടതും ആവശ്യ

മാണ്. ആക്ട് നടപ്പിലാക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രായോഗിക തലത്തിൽ നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: I move that, “This House resolves to disapprove The Kerala Protection of Riverbanks and Regulation of Removal of Sand (Amendment) Oridnance, 2013 (Ordinance No17 of 2013)”. സംസ്ഥാനത്ത് നദീതീരങ്ങൾ സംരക്ഷിക്കപ്പെടുന്നില്ലെന്നു മാത്രമല്ല അനിയന്ത്രിതമായി മണൽവാരൽ നടത്തിക്കൊണ്ടിരിക്കുകയുമാണ്. നിർമ്മാണ മേഖലയിൽ കൃത്രിമമായി മണൽ ക്ഷാമം ഉണ്ടാക്കുകയും നിയന്ത്രണമില്ലാതെ മണലിന്റെ വില കൂട്ടുകയും ചെയ്യുന്ന അവസ്ഥയ്ക്ക് പരിഹാരം കാണാൻ സർക്കാരിന് കഴിയുന്നില്ല. റിവർ മാനേജ്മെന്റ് ഫണ്ടിലൂടെ ലഭിക്കുന്ന വരുമാനം നദികളുടെ സംരക്ഷണത്തിനായി ഉപയോഗപ്പെടുത്തണം. അനധികൃതമായി കടവുകൾ ആരംഭിച്ച് വ്യാപകമായി മണൽ ചൂഷണം നടക്കുന്നുണ്ട്. പാലങ്ങളുടേയും തടയണകളുടേയും സമീപം ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ പോലും പാലിക്കപ്പെടുന്നില്ല. വൻതോതിൽ പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്ന മാഫിയകൾക്കെതിരെ നടപടി സ്വീകരിക്കണം. ഭരണസ്വാധീനം ഉപയോഗിച്ച് ഈ രംഗത്ത് നിലയുറപ്പിക്കുന്നവരേയും പോലീസ്, റവന്യൂ ഉദ്യോഗസ്ഥർ ഇവർക്ക് കൂട്ടുനിൽക്കുന്ന അവസ്ഥയ്ക്കെതിരേയും ശക്തമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. ഇ.കെ. വിജയൻ: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. സംസ്ഥാനത്തെ മിക്കവാറും എല്ലാ നദികളും എൻഡോസൾഫാൻ ഉൾപ്പെടെ

യുള്ള കീടനാശിനികളാൽ മലിനമാക്കപ്പെട്ട അവസ്ഥയിലാണ്. മലിനീകരിക്ക പ്പെടുന്ന നദികളെ സംരക്ഷിക്കാനുള്ള നിർദ്ദേശങ്ങൾ ബില്ലിലില്ല. നദികളിൽ കലർന്നിരിക്കുന്ന വിഷാംശങ്ങൾ കുടിവെള്ള സ്രോതസ്സുകളിൽ എത്തുന്നത് തടയാൻ സംവിധാനങ്ങളുണ്ടാക്കണം. നദികൾ ഉത്ഭവിക്കുന്ന സ്ഥലത്തുള്ള പാറമടകൾ നിലനിർത്താൻ നടപടി സ്വീകരിക്കണം. മരങ്ങൾ നട്ടുപ്പിടിപ്പിച്ച് ഗ്രീൻ ബെൽറ്റ് സൃഷ്ടിച്ച് നദീതീരങ്ങൾ സംരക്ഷിക്കപ്പെടണം. തടയണകൾ നിർമ്മിച്ച് സംസ്ഥാനത്തെ നദികളെ സംരക്ഷിക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കണം. റിവർ മാനേജ്മെന്റ് ഫണ്ട് നദികളുടെ സംരക്ഷണത്തിനു വേണ്ടി ഉപയോഗിക്കണം. കടലിൽ നിന്നും മണൽ ശേഖരിക്കുന്നതിനുള്ള നട പടിയുണ്ടാകണം. നദീതീരങ്ങളിലെ അനധികൃത മണൽവാരലിനെതിരെ ശക്തമായ നടപടി സ്വീകരിക്കണം. സംസ്ഥാന ഉന്നതതല സമിതിയിൽ തൊഴി ലാളി പ്രതിനിധികളെ ഉൾപ്പെടുത്തുകയും മണൽ കടത്ത് തടയുന്നതിന് പ്രത്യേക സംരക്ഷണ സേന രൂപീകരിക്കുകയും ചെയ്യണം. തദ്ദേശഭരണ സ്ഥാപനങ്ങൾ വരുമാനമുണ്ടാക്കുന്നതിന് മണൽ വാരലിനെ പ്രോത്സാഹിപ്പി ക്കുന്നതിനാൽ നദികളും പുഴകളും വറ്റിവരണ്ടുപോകുന്ന സ്ഥിതിവിശേഷം ഉണ്ടായിരിക്കുകയാണ്. റിവർ മാനേജ്മെന്റ് ഫണ്ട് ഫലപ്രദമായി വിനിയോ ഗിക്കണം. നദീതീരങ്ങളിലെ മണൽവാരൽ അവസാനിപ്പിച്ച് നദികൾക്കുള്ളിൽ കുന്നുകൂടിക്കിടക്കുന്ന മണൽ ഉപയോഗിക്കുകയാണെങ്കിൽ നദീതീരങ്ങൾ ഇടിയുന്നതുൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കും. ഉപ്പുമണൽ ശുദ്ധീകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപയോ ഗിക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. വേമ്പനാട്ട് കായലിലെ അനധികൃത മണൽ വാരൽ കാരണം ബോട്ട് സർവ്വീസ് നടത്താൻ സാധിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. നദികളുടെ ഉത്ഭവസ്ഥാനങ്ങളി

ലുള്ള പാറക്കെട്ടുകൾ ക്വാറി ഉടമകൾ കൈവശപ്പെടുത്തുന്നത് തടയണം. ഭാവിയിൽ കിണർ വെള്ളത്തിലേയ്ക്ക് വൻതോതിൽ ഉപ്പുവെള്ളം കയറാനുള്ള സാധ്യതയുള്ളതുകൊണ്ട് ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പതിയേണ്ടതുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾക്കായി മണൽ പെർമിറ്റ് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. ചെറിയ വീടുകളുടെ നിർമ്മാണത്തിന് മണൽ ലഭ്യമല്ലാതിരിക്കുകയും ഫ്ളാറ്റ് നിർമ്മാണത്തിന് യഥേഷ്ടം മണൽ ലഭ്യമാകുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണുള്ളത്. അന്യസംസ്ഥാനത്തുനിന്നും വാഗണുകളിലും കപ്പലിലും മണൽ കൊണ്ടുവരുന്നതിനും കടൽമണൽ ശുദ്ധി ചെയ്ത് ഉപയോഗിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും സർക്കാൻ മുൻകൈയെടുക്കണം. നീരൊഴുക്കുകൾ സംരക്ഷിച്ചില്ലെങ്കിൽ മണൽക്ഷാമം രൂക്ഷമാകും. നദികളുടേയും പുഴകളുടേയും നീളം കണക്കാക്കി ഗ്രീൻ ബെൽറ്റ് സ്ഥാപിക്കണം. പുഴയോരങ്ങളിൽ കണ്ടൽ സസ്യങ്ങൾ വളർത്തുന്ന പദ്ധതിക്ക് രൂപം നൽകണം. ഗ്രീൻ ബെൽറ്റ് അടക്കമുള്ള നദീതടസംരക്ഷണ പ്രവർത്തനങ്ങൾക്ക് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കണമെന്ന വ്യവസ്ഥകൂടി ബില്ലിൽ ഉൾപ്പെടുത്തണം.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 2-3-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിയമം വന്നതിനുശേഷവും അനധികൃത മണൽവാരൽ, നദീതീര കയ്യേറ്റം, മലിനീകരണം ഇവ യഥേഷ്ടം നടക്കുന്നുണ്ട്. നദീതീര സംരക്ഷണത്തിനുവേണ്ടി ഉണ്ടാക്കുന്ന നിയമങ്ങൾ നടപ്പാക്കാൻ കഴിയാതെ വരുന്നതുകൊണ്ട് നദികൾ മലിനീകരിക്കപ്പെടുകയും അവയുടെ

വിസ്തീർണ്ണവും ഒഴുക്കും കുറഞ്ഞുവരികയും ചെയ്യുന്നു. മൂലനിയമത്തിൽ മണൽ വാരുന്നതിനുള്ള കടവുകൾ നിയന്ത്രിക്കുന്നതിനുള്ള അധികാരം ലോക്കൽ ബോഡീസിനാണ് നൽകിയിരിക്കുന്നത്. പല പഞ്ചായത്തുകളുടേയും ഏറ്റവും വലിയ വരുമാനമാർഗ്ഗം മണൽ ലേലമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ മെമ്പർമാരും ഇതുമായി ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥരും പോലീസും വിചാരിച്ചാൽ മണൽ വാരൽ മേഖലയിലെ ചൂഷണം നിയന്ത്രിക്കുവാൻ കഴിയും. നദീതീര സംരക്ഷണം ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയാത്തതുകൊണ്ടാണ് കൂടുതൽ വകുപ്പുകൾ ചേർത്ത് മൂലനിയമം ഭേദഗതി ചെയ്യുന്നത്. മൂലനിയമത്തിൽ പറയുന്ന ജില്ലാതല കമ്മിറ്റിക്ക് മാറ്റം വരുത്തി റവന്യൂ വകുപ്പുമന്ത്രി ചെയർമാനായി ഒരു ഹൈലവൽ കമ്മിറ്റി രൂപീകരിച്ചിരിക്കുകയാണ്. റിവർ മാനേജുമെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് ഒരു ക്രൈറ്റീരിയ ഉണ്ടാക്കണം. നദീതീര സംരക്ഷണത്തിനും കടവുകൾ മോഡേണൈസ് ചെയ്യുന്നതിനും ഓരോ നദികളെക്കുറിച്ചും ഡാമുകളെക്കുറിച്ചും ശാസ്ത്രീയമായി സർവ്വേയും പഠനവും നടത്തുന്നതിനും റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മണൽ വാരാനുള്ള പാസ്സ് നൽകുന്നതും അത് കൊണ്ടുപോകുന്നതും സംബന്ധിച്ച നിബന്ധനകളിൽ വ്യക്തതയുണ്ടാകണം. സംസ്ഥാന ഉന്നതതല സമിതി രൂപീകരണത്തെ സംബന്ധിച്ച് വിശദമാക്കണം. പ്രസ്തുത സമിതിയിൽ നിയമസഭാംഗങ്ങളേയും പഞ്ചായത്തിലെയും വനം വകുപ്പിലെയും ഉയർന്ന

ഉദ്യോഗസ്ഥരെയും അംഗങ്ങളാക്കണം. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് അറിയാനോ നിർദ്ദേശങ്ങൾ സമർപ്പിക്കാനോ അവസരമുണ്ടാകാത്തതിനാൽ ഈ സമിതിക്ക് ജനകീയ സ്വഭാവമില്ല. ജില്ലാതലത്തിലും തഹസീൽദാർ അടങ്ങുന്ന കമ്മിറ്റികളിലും പഞ്ചായത്ത് തലത്തിൽ വരുന്ന കമ്മിറ്റികളിലും വനം വകുപ്പിലെയും പഞ്ചായത്തിലെയും ഉദ്യോഗസ്ഥരെ അംഗങ്ങളാക്കണം. പഞ്ചായത്തുകളെ ക്രോഡീകരിച്ചുകൊണ്ട് ഒരു പ്രത്യേക സെക്ഷൻ രൂപീകരിച്ച് മണൽ പാസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. പഞ്ചായത്തുതലത്തിൽ നീർത്തടങ്ങളുമായി ബന്ധപ്പെട്ട സോഷ്യൽ മാപ്പ് തയ്യാറാക്കി ആറ്, തോട് എന്നിവയുടെ പുറമ്പോക്കുകളിലെ കയ്യേറ്റങ്ങൾ തടയണം. ഫ്ളാറ്റുകളും അപ്പാർട്ട്മെന്റുകളും വൻതോതിൽ വർദ്ധിച്ചുവരുന്നതിന്റെ ഫലമായാണ് മണലിന് ക്രമാതീതമായ വിലവർദ്ധനവുണ്ടാകുന്നതും മണൽ മാഫിയകൾ രൂപപ്പെടുന്നതും.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ഈ നിയമം പാസ്സാകുന്നതോടെ കമ്മിറ്റികൾ രൂപീകരിച്ച് റിവർ മാനേജുമെന്റ് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കാൻ കഴിയും. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണ പ്രമേയം നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II -ാം നമ്പർ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

**(ii) 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ**

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

**ധനകാര്യ മെമ്മോറാണ്ടത്തിലെ അവ്യക്തത**

ശ്രീ. എം. ഹംസ: ഈ ബിൽ പ്രാബല്യത്തിൽ കൊണ്ടുവന്നാൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല എന്നാണ് ബില്ലിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നത്. ഇതേ ബില്ലിന്റെ നാലാമത്തെ പേജിൽ അഡ്വക്കേറ്റ് ക്ലാർക്ക്സ് അടയ്ക്കുന്ന

തുകയ്ക്ക് ആനുപാതികമായി സർക്കാർ വിഹിതം ഈ ഫണ്ടിലേയ്ക്ക് അടച്ചിട്ടുള്ളതുമാണ് എന്ന് പറഞ്ഞിട്ടുണ്ട്. സർക്കാർ വിഹിതം ആനുപാതികമായി ഇതിലേയ്ക്ക് അടയ്ക്കുമ്പോൾ സഞ്ചിതനിധിയിൽ നിന്ന് പണം ചെലവാകും. അതിനാൽ പണം ചെലവാകുകയില്ലെന്ന് ധനകാര്യമെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ളത് അസത്യമാണ്. അതുകൊണ്ട് സർക്കാരിന് ഓരോ കൊല്ലവും വരുന്ന ചെലവ് കണക്കാക്കിയ ശേഷമേ ബിൽ അവതരിപ്പിക്കാൻ പാടിള്ളൂ. പുതിയ അംഗങ്ങളുടെ രജിസ്ട്രേഷൻ വരുമ്പോൾ അവർ അടയ്ക്കുന്ന തുകയുടെ ആനുപാതികമായ തുക എവിടെ നിന്നാണ് കണ്ടെത്തുന്നത് എന്ന് ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സ്പീക്കർ റൂളിംഗ് നൽകണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): തുക അടച്ചിട്ടുണ്ട് എന്നാണ് ബില്ലിൽ പ്രസ്താവിച്ചിട്ടുള്ളത്.

**റൂളിംഗ്**

മി. ഡെപ്യൂട്ടി സ്പീക്കർ: സഞ്ചിത നിധിയിൽനിന്ന് തുക ചെലവഴിക്കേണ്ടിവരുമെന്ന് തെളിയിച്ചാൽ അംഗങ്ങൾക്ക് പ്രിവിലേജ് മൂവ് ചെയ്യാമെന്നുള്ളതുകൊണ്ട് മന്ത്രിക്ക് ബിൽ സഭയിൽ അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നിയമം പാസായി എങ്കിലും റൂൾ ഫ്രെയിം ചെയ്തിരുന്നില്ല. ആമ്പൽ കോൺട്രിബ്യൂഷൻ 400 രൂപയിൽനിന്നും 1200 രൂപയാക്കി ഉയർത്തി. 60 വയസ്സും ക്ഷേമനിധിയിൽ എട്ട് വർഷവും കംപ്ലീറ്റ് ചെയ്തവർക്ക് മാസം 500 രൂപ വീതം പെൻഷൻകൊടുക്കുവാനും കൂടുതൽ സർവ്വീസുണ്ടെങ്കിൽ സ്ലാബ് അടിസ്ഥാനത്തിൽ മാക്സിമം 600 രൂപവരെ കൊടുക്കുവാനുമാണ്

വ്യവസ്ഥ ചെയ്തിരുന്നത്. 2010 നവംബറിൽ ഓർഡിനൻസ് നിലവിൽവന്നു. ഇത് റീപ്രൊമുൽഗേറ്റ് ചെയ്ത ഓർഡിനൻസിന്റെ റീപ്ലെയ്സിംഗ് ബില്ലാണിത്. ലീഗൽ ബെനിഫിറ്റ് ഫണ്ടിലെ കോൺട്രിബ്യൂഷൻ 20% എന്നുള്ളത് 30% ആക്കുകയും ക്ഷേമനിധി സ്റ്റാമ്പ് മൂല്യം 6 രൂപയിൽനിന്ന് 12 രൂപയാക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. പി. തിലോത്തമൻ: I move that —

"This House resolves to disapprove The Kerala Advocates' Clerks Welfare Fund (Amendment) Ordinance, 2013 (Ordinance No. 15 of 2013)." നിയമവ്യവസ്ഥയിൽ സുപ്രധാന സ്ഥാനമാണ് അഡ്വക്കേറ്റ്സ് ക്ലാർക്കുമാർക്കുള്ളതെങ്കിലും വരുമാനത്തിന്റെയും സുരക്ഷിതത്വത്തിന്റെയും കാര്യത്തിൽ ദയനീയമായ അവസ്ഥയാണ് അവർക്കുള്ളത്. കോടതിയിലും നീതിന്യായ സംവിധാനങ്ങളിലും അഡ്വക്കേറ്റ്സിന് പല സന്ദർഭങ്ങളിലും അറിവ് പകർന്നുകൊടുക്കുന്ന ഇവർക്ക് ജീവിതത്തിന്റെ അവസാനകാലത്ത് ചെറിയ ഒരു വരുമാനം നൽകുക എന്നുള്ളത് അവരെ അംഗീകരിക്കുന്നതിന് തുല്യമാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എല്ലാ ക്ഷേമ നിധി പെൻഷനുകളിലും വർദ്ധനവ് വരുത്തിയിരുന്നു. ഇപ്പോൾ പലതും കുടിശ്ശികയായിരിക്കുകയാണ്. വക്കീലൻമാരുടെ ദയാദാക്ഷണ്യത്തിൽ ലഭി ക്കുന്ന വരുമാനമോ കക്ഷികൾ കൊടുക്കുന്നു എന്നുപറയുന്ന ഇനത്തിലുള്ള വരുമാനമോ അല്ലാതെ സ്ഥിരമായ വരുമാനം വക്കീൽ ഗുമസ്തൻമാർക്കില്ല. വക്കീൽ ഓഫീസുകളിൽ മറ്റു വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവർക്കുകൂടി ആനുകൂല്യം കൊടുക്കാൻ കഴിയുംവിധം ഇതിൽ മാറ്റം വരുത്തേണ്ടതുണ്ട്.

സ്വന്തമായി വീടില്ലാത്ത വക്കീൽ ഗുമസ്തൻമാർക്ക് വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിനും നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്ന തിനും വായ്പാസൗകര്യം ലഭ്യമാക്കണം. വിദ്യാഭ്യാസത്തിൽ മികവ് കാണി ക്കുന്ന ഇവരുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും ചെറിയ പലി ശയ്ക്ക് വിദ്യാഭ്യാസ വായ്പ ലഭ്യമാക്കുന്നതിനും അവസരം ഉണ്ടാകണം. കലാ-കായിക രംഗങ്ങളിൽ പ്രതിഭകളായിട്ടുള്ള ഗുമസ്തൻമാരുടെ മക്കൾക്ക് പ്രോത്സാഹനം നൽകണം. പെൻഷൻ 1500 രൂപയെങ്കിലുമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഒഴിവുള്ള തസ്തികകളിൽ ജഡ്ജിമാരെ നിയമിച്ച് കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കണം. രോഗത്തെത്തുടർന്ന് ക്ഷേമനിധി ആനുകൂല്യം വാങ്ങി പിരിഞ്ഞുപോകേണ്ടിവന്നവർക്കും റിട്ടയർമെന്റിനു ശേഷം വക്കീൽ ഗുമസ്തന്മാരായി ജോലി ചെയ്യാൻ തയ്യാറാകുന്ന സർക്കാർ ജീവനക്കാർക്കും ക്ഷേമനിധിയിൽ അംഗത്വം കൊടുക്കുന്ന കാര്യം പരി ശോധിക്കണം. മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് രണ്ടുലക്ഷം രൂപവരെ ധനസഹായം നൽകുന്നതിന് തയ്യാറാകണം.

<u>ശ്രീ. ആർ. രാജേഷ്</u> : നിരാകരണ പ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ നീതിന്യായ വ്യവസ്ഥയിൽ അഡ്വക്കേറ്റ് ക്ലാർക്കുമാർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. വക്കീൽ ഗുമസ്തൻമാരുടെ ക്ഷേമനിധി യിലേയ്ക്ക് സർക്കാർ വിഹിതം അടയ്ക്കാത്തത് തീർത്തും ദൗർഭാഗ്യകര മാണ്. ക്ഷേമനിധിയിലേയ്ക്കുള്ള അംശദായത്തിന്റെ വർദ്ധനയ്ക്കനുസൃത മായി പെൻഷൻ ആനുകൂല്യങ്ങളിലും വർദ്ധനവുണ്ടാക്കാനും വർദ്ധിപ്പിക്കുന്ന തുക സമയബന്ധിതമായി കൊടുത്തു തീർക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. ശിവദാസൻ നായർ: 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 6-3-2013- വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വക്കീൽ ഗുമസ്തന്മാർക്ക് ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും മിനിമം പെൻഷൻ ആയിരം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. 30 വർഷം വരെ സർവ്വീസ് പൂർത്തിയാക്കി പിരിഞ്ഞുപോകുന്നവർക്ക് കിട്ടുന്ന ആനുകൂല്യങ്ങളുടെ പരിധി 4 ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. വക്കീൽ ഓഫീസുകളിൽ ഇരുന്ന് മറ്റ് ജോലികൾ ചെയ്യുന്നവരേയും വക്കീൽ ഗുമസ്തന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കണം. നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റംവരുത്തി മെഡിക്ലെയിം പദ്ധതിപ്രകാരം വക്കീൽ ഗുമസ്തന്മാർക്ക് 30,000 രൂപ വരെ ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. എം. ഹംസ : 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. അംഗങ്ങളുടെ ഓരോ കൊല്ലത്തേയും സർവ്വീസ് അനുസരിച്ച് 10 രൂപ എന്നുള്ള തുക വർദ്ധിപ്പിച്ച് 2500 രൂപ പെൻഷൻ നൽകുന്നതിനുള്ള സംവിധാനമുണ്ടാകണം. കമ്മിറ്റിയുടെ ചെയർമാൻ നിയമവകുപ്പ് സെക്രട്ടറിയാകുന്നതിന് പകരം ഭരണസമിതിയിൽ അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ എണ്ണം നാലാക്കുകയും അതിൽനിന്ന് ഒരാളെ ചെയർമാനായി നിയമിക്കുകയും വേണം. കുടിശ്ശികയുള്ള ക്ഷേമനിധി ആനുകല്യങ്ങൾ ഉടനെ കൊടുത്തുതീർക്കണം. ക്ഷേമനിധിയിൽ അംഗമായി

5 വർഷത്തിനുള്ളിൽ മരിച്ചവരുടെ കുടുംബത്തിനും സ്ഥിരമായി അവശത അനുഭവിക്കുന്നവർക്കും നൽകുന്ന ധനസഹായം ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണം. ഭവന വായ്പ, വിദ്യാഭ്യാസ വായ്പ എന്നിവയിലും കാലോചിതമായ മാറ്റം വരുത്തണം. ക്ഷേമനിധിയുടെ ദൈനംദിന പ്രവർത്തനങ്ങളുടെ ചെലവ് വഹിക്കുന്നതിന് കമ്മിറ്റിക്ക് അധികാരം നൽകുന്ന രീതിയിൽ ബില്ലിൽ മാറ്റം വരുത്തണം. 6 രൂപ മൂല്യമുള്ള ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പിന്റെ വില 50 രൂപയാക്കി വർദ്ധിപ്പിക്കണം. ലീഗൽ ബെനിഫിറ്റ് ഫണ്ട് സ്റ്റാമ്പും കോർട്ട് ഫീ സ്റ്റാമ്പും പെട്ടെന്ന് തിരിച്ചറിയാത്തതിനാൽ ഫണ്ട് വകമാറാനിടയാകുന്ന സാഹചര്യം ഒഴിവാക്കണം. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഗ്രാന്റ് നൽകണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) : അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ പെൻഷൻ മാത്രം വ്യവസ്ഥ ചെയ്യുന്ന ബില്ലാണിത്. ക്ലാർക്കുമാരുടെ വിഹിതം 1200 രൂപയാക്കിയതും ലീഗൽ ബെനിഫിറ്റ് ഫണ്ടിൽനിന്നുള്ള വിഹിതം 30 ശതമാനമാക്കിയതും സ്റ്റാമ്പിന്റെ മൂല്യം 12 രൂപയാക്കിയതുമെല്ലാം പെൻഷൻ നൽകാനുള്ള പ്രത്യേക ഫണ്ട് രൂപീകരിക്കാൻ വേണ്ടിയാണ്. അംഗങ്ങളുടെ കോൺട്രിബ്യൂഷന് ആനുപാതികമായി സർക്കാർ കോൺട്രിബ്യൂഷൻ ഇല്ലാത്തതിനാൽ സഞ്ചിതനിധിയിൽ നിന്ന് ചെലവ് വരുമെന്നുള്ള വാദം അടിസ്ഥാനരഹിതമാണ്. ഭവനവായ്പ, വിദ്യാഭ്യാസ വായ്പ എന്നിവയ്ക്ക് ഗവൺമെന്റിൽ പ്രത്യേക സ്കീമുകളുള്ളതിനാൽ ഈ ബില്ലിൽ ഉൾപ്പെടുത്തേണ്ടതില്ല. അഡ്വക്കേറ്റ് ക്ലാർക്കുമാരുടെ സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്ത് കോൺട്രിബ്യൂഷൻ നിശ്ചയിക്കണമെന്നുള്ളതുകൊണ്ട് അത് 1200

രൂപയിൽനിന്ന് ഉയർത്തുന്നത് ശരിയല്ല. അഡ്വക്കേറ്റ് ക്ലാർക്കുമാർ അഡ്വക്കേറ്റുമാരുടെ കീഴിൽ വേതനം പറ്റുന്നവരല്ലാത്തതിനാൽ വക്കീലൻമാർ ഈ സ്കീമിലേയ്ക്ക് കോൺട്രിബ്യൂട്ട് ചെയ്യണമെന്ന വാദം യുക്തിസഹമല്ല. 1980-ൽ അഡ്വക്കേറ്റ്മാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയപ്പോഴുള്ള ഇൻഷ്വറൻസ് സ്കീമിന്റെ തുക ഈ നിധിയിൽ ചേർക്കാൻ ആക്റ്റിലെ 26-ാം വകുപ്പിൽ വ്യവസ്ഥയുണ്ട്. കമ്മിറ്റി അംഗങ്ങളുടെ ഘടനയെയും ചെയർമാനെയും സംബന്ധിച്ച വ്യവസ്ഥ ബില്ലിലില്ലാത്തതുകൊണ്ട് അത് സംബന്ധിച്ച നിർദ്ദേശം  ഇപ്പോൾ പരിശോധിക്കാൻ കഴിയില്ല. ഇപ്പോൾ ഗവൺമെന്റ് ജീവനക്കാർക്ക് ലഭിക്കുന്ന തരത്തിലുള്ള മെഡിക്ലെയിം ബെനിഫിറ്റാണ് ക്ലാർക്കുമാർക്ക് നൽകുന്നത്. അതിനാൽ മാറ്റം വരുത്താൻ കഴിയില്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

### (iii) 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പുറപ്പെടുവിച്ച ഓർഡിനൻസാണിത്. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ശുപാർശയും ചില പ്രത്യേക സാഹചര്യവും കണക്കിലെടുത്തുകൊണ്ടുള്ള മൈനറായിട്ടുള്ള അമെന്റ്മെന്റാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. ജി. എസ്. ജയലാൽ : I move that – “This House resolves to disapprove The Kerala Headload Workers’ (Amendment) Ordinance,

2013 (Ordinance No. 12 of 2013)”. ചുമട്ടുതൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്ന ഒരു ബില്ലാക്കി ഇതിനെ മാറ്റണം. മൂന്ന് ലക്ഷത്തിലധികമുള്ള ചുമട്ടുതൊഴിലാളികളുടെ ജീവിതം സംരക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള വ്യവസ്ഥകൾ ഈ ഭേദഗതി ബില്ലിൽ ഉൾപ്പെട്ടിട്ടില്ല. സ്കാറ്റേർഡ് തൊഴിലാളി വിഭാഗത്തിനായി രൂപം നൽകിയ ക്ഷേമനിധി പെൻഷൻ പദ്ധതി പരാജയമാണ്. അറ്റാച്ച്ഡ് വിഭാഗത്തിൽ നിന്ന് നാമമാത്രമായ തൊഴിലാളികളാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. ഷോപ്പ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റ് വിഭാഗം തൊഴിലാളികൾക്കും ക്ഷേമനിധിയുമായി ബന്ധപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയണം. ചുമട്ടുതൊഴിലാളികളുടെ ജീവിതം സമഗ്രമായി പഠിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും നിർദ്ദേശങ്ങൾ ഉണ്ടാകണം. നോക്കുകൂലിയുമായി ബന്ധപ്പെട്ട് ചുമട്ടുതൊഴിലാളികളുടെമേൽ ഗുണ്ടാ ആക്ട് നടപ്പിലാക്കണമെന്ന നിർദ്ദേശം പുനഃപരിശോധിക്കണം. യന്ത്രവൽക്കരണംമൂലം തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യത്തിന് പരിഹാരം കാണണം. പ്രശ്ന പരിഹാരത്തിനായി രൂപം കൊടുത്തിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തണം. ജില്ലകൾ കേന്ദ്രീകരിച്ച് ഏകീകൃത കൂലി സമ്പ്രദായം കൊണ്ടുവരാനും സമയബന്ധിതമായി പ്രശ്നങ്ങൾ പരിഹരിക്കാനും താത്പര്യം കാണിക്കണം. സ്കാറ്റേർഡ് വിഭാഗം തൊഴിലാളികൾക്ക് വ്യക്തമായ പെരുമാറ്റച്ചട്ടം കൊണ്ടുവരണം. ചുമട്ടുതൊഴിലാളികളുടെ വിരമിക്കൽ പ്രായം കുറയ്ക്കണം. സേവന-സാമൂഹ്യ-സുരക്ഷിതത്വ മേഖലയിൽനിന്ന് പിറകോട്ടുപോകുന്ന നയത്തിൽനിന്നും ഗവൺമെന്റ് പിന്തിരിയണം. മൂന്ന് വിഭാഗം തൊഴിലാളികളുടേയും ക്ഷേമനിധിയിലേയ്ക്കുള്ള

ഗവൺമെന്റ് കോൺട്രിബ്യൂഷൻ നൽകി ക്ഷേമ നിധി സംവിധാനത്തെ നില നിറുത്താൻ നടപടിയുണ്ടാകണം.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u> : 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2013 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കൊച്ചി തുറമുഖ ട്രസ്റ്റ് ഏരിയ കമ്മിറ്റിയുടെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചുമട്ടുതൊഴിലാളി കൾക്കും ഇ.എസ്.ഐ. ആനുകൂല്യങ്ങൾക്ക് അവകാശമുണ്ടെന്നുള്ള ഓർഡി നൻസ് നേരത്തെ ഇറക്കിയിട്ടുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാല ത്താണ് കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ഉന്നത ഉദ്യോഗസ്ഥരും തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ച ചെയ്ത് അവിടത്തെ തൊഴിലാളികളെ ചുമട്ടുതൊഴിലാളി ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവന്നത്. പ്രധാന മായും ഇ.എസ്.ഐ. ബെനിഫിറ്റ് ലഭ്യമാക്കാനാണ് ഈ ഭേദഗതി കൊണ്ടുവ ന്നിട്ടുള്ളത്. കേരളത്തിലെ പോർട്ടുകളുടെ പ്രവർത്തനത്തെ സ്തംഭിപ്പി ക്കുകയും കയറ്റിറക്കുമതി മേഖല കയ്യടക്കുകയും ചെയ്ത പശ്ചാത്തലത്തി ലാണ് അന്നത്തെ ഗവൺമെന്റ് ഇടപെട്ട് പരിഹാരം കണ്ടെത്തുകയും ഓർഡിനൻസ് കൊണ്ടുവരികയും ചെയ്തത്. 2002-ൽ ചുമട്ടുതൊഴിലാളി കൾക്കെതിരായി ഒരു കരിനിയമം യു.ഡി.എഫ്. ഗവൺമെന്റ് പാസ്സാ ക്കിയപ്പോൾ അന്നത്തെ പ്രതിപക്ഷം പ്രതിഷേധം പ്രകടിപ്പിച്ചിരുന്നു. 2008-ൽ പ്രസ്തുത നിയമം റദ്ദുചെയ്തുകൊണ്ട് പുതിയ നിയമം കൊണ്ടു വരികയും ഡൊമസ്റ്റിക് പർപ്പസിനുള്ള കയറ്റിറക്ക് സംബന്ധിച്ച് വളരെ വ്യക്തമായ ഡെഫനിഷൻസ് ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. തൊഴിലാളി കൾക്കുവേണ്ടി നിരവധി ക്ഷേമപ്രവർത്തനങ്ങൾ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയിരുന്നു. ഷോപ്സ് ആന്റ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്

വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്ന പരിശീലനം സിദ്ധിച്ച അർഹതയുള്ള ജീവനക്കാരെ പിരിച്ചു വിടുകയും ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം മരവിപ്പിക്കുകയും ചെയ്തു. കോൺട്രാക്ട് വ്യവസ്ഥയിൽ ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്താനും ക്ഷേമനിധിബോർഡുകൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാനും പര്യാപ്തമായ തരത്തിലുള്ള നിലപാട് സ്വീകരിക്കണം.

ശ്രീ. വി.ഡി. സതീശൻ: 2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മൂന്ന് പ്രധാനപ്പെട്ട അമെന്റ്മെന്റുകളിൽ 2(k)(iv)- ‘mentally challenged children’ എന്നതിനുശേഷം ‘fully dependent’ എന്നുകൂടി ചേർക്കണം. (vii)-ൽ ‘physically handicapped’ എന്ന വാക്കുകൾക്കുപകരം ‘differently abled’ എന്നാക്കി മാറ്റണം. കബോട്ടാഷ് നിയമത്തിൽ ഇളവുകൾ നൽകി കൊച്ചിൻ പോർട്ട് ട്രസ്റ്റിനെ ആകർഷകമാക്കാനുള്ള ഗവൺമെന്റിന്റെ ശ്രമങ്ങൾ സ്വാഗതാർഹമാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ തുടർന്നുവരുന്ന ട്രെയിലർ സമരത്തിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് മുൻകൈയെടുക്കണം. ചുമട്ടുതൊഴിലാളികളെ ഈ നിയമത്തിന്റെ പരിധിയിൽ നിർത്തുന്നതിനും അതനുസരിച്ച് പ്രവർത്തിപ്പിക്കുന്നതിനും ഗവൺമെന്റ് നേതൃത്വം നൽകണം. നോക്കുകൂലി ഇല്ലാതാക്കാൻ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. ഇക്കാര്യത്തിൽ കേരളത്തിലെ ട്രേഡ് യൂണിയനുകളുടെ ആത്മാർത്ഥമായ സമീപനവും ജനങ്ങളുടെ പിന്തുണയും ആവശ്യമാണ്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊണ്ടുവന്ന ഓർഡിനൻസിന്മേലുള്ള ഭേദഗതികളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. 40,000 അൺഅറ്റാച്ച്ഡ് തൊഴിലാളികളും 39,899 അറ്റാച്ച്ഡ് തൊഴിലാളികളും 40,183 സ്കാറ്റേർഡ് തൊഴിലാളികളുമുള്ള ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തണമെന്ന അഭിപ്രായത്തോട് ഗവൺമെന്റ് യോജിക്കുന്നു. ക്ഷേമപദ്ധതികളിൽ നിന്നും ഗവൺമെന്റ് പിൻമാറുകയില്ലെന്ന് മാത്രമല്ല, കേരളത്തിലെ തൊഴിലാളി സമൂഹത്തിന് അങ്ങേയറ്റം ആനുകൂല്യങ്ങൾ നൽകുന്ന നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റുമായി ബന്ധപ്പെട്ട് നടക്കുന്ന സമരം ഒത്തുതീർക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. നിലവിലുള്ള കേരള ചുമട്ടുതൊഴിലാളി നിയമം ഭേദഗതി ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. കേരളത്തിൽ നോക്കുകൂലി അനുവദിക്കുന്നതല്ല. നിർമ്മാണതൊഴിലാളി ക്ഷേമനിധി ബോർഡിൽ അനധികൃതമായി നിയമനം നേടിയവരെ പിരിച്ചുവിടുകയുണ്ടായി. കൊച്ചിൻ പോർട്ടിലെ തൊഴിലാളികളിൽ ഇരുന്നൂറോളംപേർക്ക് മാത്രമാണ് ആറ് മാസത്തിനിടയിൽ 78 അറ്റൻഡൻസ് ഉള്ളത്. അവർക്ക് മാത്രം ഇ.എസ്.ഐ. ആനുകൂല്യം കൊടുത്തതും ബോർഡിന്റെ സാമ്പത്തിക ബാദ്ധ്യത കുറയ്ക്കുന്നതിനായി ബാക്കിയുള്ളവരെ ഒഴിവാക്കിയതും അതുകൊണ്ടാണ്. ബോർഡുകൾ പുന:ക്രമീകരിച്ച് വ്യാജ അംഗത്വം ഒഴിവാക്കി കൂടുതൽ ആനുകൂല്യം ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകേണ്ടതുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2013-ലെ കേരള ചുമട്ടുതൊഴിലാളി (ഭേദഗതി) ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

(2) **സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും**

സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സ്ത്രീകളുടെ അംഗത്വം മൂന്നിൽ നിന്നും രണ്ടാക്കിച്ചുരുക്കിയത് ഖേദകരമാണ്. നോമിനേഷൻ പാടില്ലെന്ന് പറഞ്ഞിട്ട് വീണ്ടും കൊണ്ടുവരുന്നത് ദുരുദ്ദേശപരമാണ്. സഹകരണ പ്രസ്ഥാനം കേരളത്തിൽ വിജയകരമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. 1946-ൽ 1669 സഹകരണ സംഘ

ങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ 16,000 സംഘങ്ങളാണുള്ളത്. നില വിൽ ഈ മേഖലയിൽ 60,000 കോടി രൂപയോളം നിക്ഷേപമുണ്ടാവുകയും അതിന്റെ 75 ശതമാനം കൃഷിക്കാർക്ക് വായ്പയായി നൽകുകയും ചെയ്യു ന്നുണ്ട്. പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളെ തകർക്കുന്ന സ്ഥിതി വിശേഷമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. സഹകരണ മേഖലയിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന സി-മെറ്റ്, കേപ്പ്, പരിയാരം മെഡിക്കൽ കോളേജ് തുടങ്ങിയ സ്ഥാപനങ്ങളെ തകർക്കുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഐ.എ.എസ്. ഉദ്യോഗസ്ഥരും നീതിബോധവും ന്യായസ്ഥ ന്മാരുമായിട്ടുള്ളവരെ സഹകരണസംഘം സെക്രട്ടറിയായും സംസ്ഥാന സഹകരണ ബാങ്കിന്റേയും കാർഷിക വികസന ബാങ്കിന്റേയും എം.ഡി.മാ രായും നിയമിക്കണം. മറ്റ് സംസ്ഥാനങ്ങളിലെ സഹകരണ സംഘങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സഹകരണ പ്രസ്ഥാനം ശക്തിപ്പെട്ടിരിക്കുന്നതിന് അടിസ്ഥാന കാരണം ജനങ്ങളുടെ ഒത്തൊരുമയും സഹകരണവുമാണ്. ഈ ബില്ലിന് ആവശ്യമായ ഭേദഗതി വരുത്തി ശക്തമായ ഒരു സഹകരണ നിയമം കൊണ്ടുവരണം.

<u>ശ്രീ. കെ. കെ. നാരായണൻ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരള ത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കുക എന്ന ലക്ഷ്യത്തോ ടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. കേരളത്തിലെ സഹകരണ സംഘങ്ങളെ റിസർവ് ബാങ്കിന്റേയും നബാർഡിന്റേയും നിയന്ത്രണത്തിൽ കൊണ്ടുവരികയാണ് ഈ ഭേദഗതിയുടെ ലക്ഷ്യം. ഇത് കേരളത്തിലെ സഹക രണ മേഖലയുടെ ജനകീയതയും സുതാര്യതയും സേവനതല്പരതയും ഇല്ലാ താക്കുകയും ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന് കാരണമായിത്തീരുകയും

ചെയ്യും. സഹകരണ സംഘങ്ങളുടെ വാർഷിക പൊതുയോഗം വിളിച്ചു ചേർക്കുന്നതിൽ ഭരണസമിതി വീഴ്ചവരുത്തിയാൽ രജിസ്ട്രാർക്ക് നേരിട്ട് പൊതുയോഗം വിളിച്ചുചേർക്കാമെന്നുള്ള വ്യവസ്ഥ ജനാധിപത്യവിരുദ്ധമാണ്. ഓഡിറ്റ് ഡയറക്ടർ തയ്യാറാക്കിയ ഒരു പാനലിൽ നിന്ന് ഓഡിറ്റർമാരെ നിശ്ചിത സമയത്തിനുള്ളിൽ തീരുമാനിക്കണമെന്നും അല്ലാത്തപക്ഷം രജിസ്ട്രാർ ഭരണസമിതിയെ പിരിച്ചുവിടുമെന്നും പറഞ്ഞിരിക്കുന്നത് സ്വേച്ഛാധിപത്യപരമാണ്. സഹകരണ ബാങ്കുകളുടെ നിയന്ത്രണം റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും കരങ്ങളിലേയ്ക്ക് എത്തിച്ചുകൊടുക്കുന്നതിനു വേണ്ടിയാണ് സഹകരണ ബാങ്കുകളുടെ ഓഡിറ്റ് മാന്യുവൽ തയ്യാറാക്കുന്നത്. റിസർവ്വ് ബാങ്കിന്റെയും നബാർഡിന്റെയും നിർദ്ദേശത്തെത്തുടർന്നായിരിക്കുമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സഹകരണസ്ഥാപനങ്ങൾ വെട്ടിപ്പിടിക്കുന്നതിനും സേവനമെന്ന സഹകരണ തത്വത്തെ അട്ടിമറിക്കുന്നതിനും സഹകരണ ബാങ്കുകളെ കൊമേഴ്സ്യൽ ബാങ്കുകളാക്കി മാറ്റുന്നതിനുമാണ് സർക്കാർ ശ്രമിക്കുന്നത്.

<u>ശ്രീ. ജി. സുധാകരൻ:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഭരണഘടനാ ഭേദഗതിയുടെ പേരിൽ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന ഈ നിയമം പിൻവലിക്കണം. ഗ്രാമീണരുടെ സാമ്പത്തിക സ്രോതസ്സായ സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കുന്നതിന് ഈ സർക്കാർ കൂട്ടുനിൽക്കുകയാണ്. ഭരണഘടനയുടെ സാരാംശം നഷ്ടപ്പെടാതെ ഈ ബിൽ കുറ്റമറ്റതാക്കിത്തീർക്കാനുള്ള ശ്രമം ഗവൺമെന്റ് നടത്തിയിട്ടില്ല. ഈ നിയമം കോൺസ്റ്റിറ്റ്യൂഷന് എതിരാണ്. അതുകൊണ്ട് ഈ ബിൽ പിൻവലിക്കേണ്ടതാണ്. ആർ.ബി.ഐ. -യേയും നബാർഡിനേയും കൂട്ടുപിടിച്ച് സഹകരണ പ്രസ്ഥാനത്തെ നശിപ്പിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്.

സഹകരണ രംഗത്ത് പ്രാദേശിക അസന്തുലിതാവസ്ഥ കണക്കിലെടുത്ത് ഏകീകൃത നിയമമുണ്ടാക്കണമെന്ന് 1958-ലെ ഇടതുപക്ഷ സർക്കാർ ആവശ്യപ്പെട്ടിരുന്നതാണ്. 2000-ലേയും 2006-ലേയും ഇടതുമുന്നണി സർക്കാർ സഹകരണ മേഖലയുടെ സംരക്ഷണത്തിനുവേണ്ടി കൊണ്ടുവന്ന സമഗ്ര സഹകരണ നിയമത്തെ തകർക്കുന്ന നടപടിയാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. കോ-ഓപ്പറേറ്റീവ് രജിസ്ട്രാർക്ക് യാതൊരു അധികാരവും നൽകാതെ സംഘങ്ങൾക്ക് പരസ്പരം അസറ്റ് കൈമാറ്റം ചെയ്യാനുള്ള അധികാരം നൽകുകവഴി ഈ ബില്ലിന്റെ അന്തഃസ്സത്ത തന്നെ ചോദ്യം ചെയ്യപ്പെടുകയാണ്. സഹകരണ മേഖലയിൽ റിസർവ്വ് ബാങ്ക് അടിച്ചേൽപ്പിക്കുന്ന നിയന്ത്രണങ്ങളെ ചെറുക്കാൻ സർക്കാർ സന്നദ്ധമാകണം.. എസ്.സി./ എസ്. റ്റി. വിഭാഗത്തിന്റെ നോമിനേഷൻ, സ്ത്രീകളുടെ സംവരണം തുടങ്ങിയവയെപ്പറ്റി ഈ ബില്ലിൽ പരാമർശിക്കാതെ ഭരണഘടന ഭേദഗതിയുടെ മറവിൽ സഹകരണ വിരുദ്ധ അമെന്റുമെന്റുകളാണ് കൂട്ടിച്ചേർത്തിരിക്കുന്നത്.

ശ്രീ. ചിറ്റയം ഗോപകുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സഹകരണമേഖലയെ തകർക്കുന്ന തരത്തിലുള്ള നയ സമീപനങ്ങളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എഴുപതിനായിരം കോടി രൂപയുടെ സഹകരണ നിക്ഷേപം സമസ്തമേഖലകളിലും വിനിയോഗിച്ചുകൊണ്ടിരിക്കുന്നുവെന്നത് നിഷേധിക്കാൻ കഴിയാത്ത വസ്തുതയാണ്.

ശ്രീ. കെ. ശിവദാസൻ നായർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ വീണ്ടും

അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സഹകരണമേഖലയിൽ ജനാധിപത്യപരവും ജനക്ഷേമകരവുമായ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 ശതമാനം സബ്സിഡി കാർഷിക വായ്പകൾക്കും ലഭ്യമാക്കണം. 10 ലിറ്റർവരെ പാൽ അളക്കുന്ന ക്ഷീര കർഷകരെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിയതും അവർക്കാവശ്യമായ ക്ഷേമ പ്രവർത്തനങ്ങൾ ഏർപ്പെടുത്തിയതും പ്രശംസനീയമാണ്. ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുന്നതിനാവശ്യമായ പണം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം. കാർഷിക ഗ്രാമ വികസന ബാങ്കുകളിലെ എൻട്രി പോയിന്റിൽ ഡയറക്ട് അപ്പോയിന്റ്മെന്റ് വേണമെന്ന നിബന്ധന ഉപേക്ഷിക്കുന്നതോടൊപ്പം സർവ്വീസ് റൂൾ ഭേദഗതി ചെയ്യുകയും വേണം. മാർക്കറ്റിംഗ് സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്ന് വാങ്ങിയ ഡെപ്പോസിറ്റുകൾ തിരികെ നൽകുന്നതോടൊപ്പം മാർക്കറ്റിംഗ് സംഘത്തിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കപ്പെടുകയും വേണം. അർബൻ സഹകരണ സംഘങ്ങളിൽ അടിയന്തരമായി കോർ ബാങ്കിംഗ് സംവിധാനമുണ്ടാക്കണം. ഈ ബിൽ നിയമമാകുന്നതോടെ അർബൻ സഹകരണ സംഘങ്ങളിൽ നിലവിലുള്ള ഓഡിറ്റിംഗ് സമ്പ്രദായത്തിന് വിരാമമിടാൻ കഴിയുന്നതാണ്. സഹകരണ സംഘങ്ങളിൽ ഗവൺമെന്റിന്റെ നിയന്ത്രണങ്ങൾ ഒഴിവാക്കുകയെന്നതാണ് നിയമത്തിന്റെ അന്ത:സത്ത എന്നിരിക്കെ കൂടുതൽ നിയന്ത്രണങ്ങൾ വേണമെന്ന പ്രതിപക്ഷ നിലപാടിനോട് യോജിക്കാൻ കഴിയില്ല. സംസ്ഥാന ഗവൺമെന്റുകൾ നിർദ്ദേശിച്ച മുഴുവൻ ഭേദഗതികളോടും കൂടിയാണ് വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് അംഗീകരിച്ചത്. കേന്ദ്ര ഗവൺമെന്റിനേയും

ആർ.ബി.ഐ.യേയും കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തേണ്ടതുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ സർവ്വീസ് സഹകരണ ബാങ്കുകൾ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്ന നിലയിലാണ് പ്രവർത്തിക്കുന്നതെന്ന കാരണത്താൽ റിവൈവൽ പാക്കേജിൽ സംസ്ഥാനത്തെ വിട്ടുകളയുന്നത് ശരിയല്ല. ഡിസ്ട്രിക്ട് ഇലക്ഷൻ കമ്മീഷൻ വേണ്ടെന്ന് വയ്ക്കാനുള്ള പ്രൊവിഷൻ നീക്കം ചെയ്യണം. നബാർഡ് ഐഡന്റിഫൈ ചെയ്യുന്ന പാന ലിൽനിന്നുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് ഫേമിനെക്കൊണ്ട് ആഡിറ്റ് നടത്തി യാൽ മാത്രമേ റീഫിനാൻസ് അനുവദിക്കുകയുള്ളൂ എന്ന നിലപാട് ശരിയല്ല. താഴെത്തട്ടിലെ സർവ്വീസ് സഹകരണ ബാങ്കുകളിൽ സ്റ്റാറ്റ്യൂട്ടറി ആഡിറ്റിംഗ് നടത്തണം. നബാർഡ് സഹകരണ സ്ഥാപനങ്ങളോട് സ്വീകരിക്കുന്ന പ്രതികൂല സമീപനങ്ങളോട് പ്രതികരിക്കണം. ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപം നടത്തുന്ന ആൾ ബാങ്കിലെ മെമ്പർ ആയിരിക്കണമെന്നുള്ള വ്യവസ്ഥ പുന:പരിശോധിക്കണം. പ്രൈമറി സഹകരണ സംഘങ്ങളിൽ അസിസ്റ്റഡ് അപ്പെക്സ് സൊസൈറ്റി എന്നുള്ളതിന് പകരം അപ്പെക്സ് സൊസൈറ്റി എന്നുമാത്രം ചേർക്കുന്നതാണ് നല്ലത്.

സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി <u>ശ്രീ. സി.എൻ. ബാലകൃഷ്ണൻ):</u> 97-ാം ഭരണഘടനാ ഭേദഗതി സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതാണ്. സാമ്പത്തിക അഴിമതി തടയുന്നതിന് നിയമങ്ങളുണ്ടാകേണ്ടത് അത്യാവശ്യമാണ്. സഹക രണ സ്ഥാപനങ്ങളുടെ ആഡിറ്റിംഗ് കൃത്യമായി നടത്തുന്നതിന് സംസ്ഥാന നിയമത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് അഞ്ച് വർഷത്തിലൊ രിക്കൽ ചിട്ടയോടുകൂടി നടത്തണം. കേന്ദ്ര സർക്കാർ പാസ്സാക്കിയ ബാങ്കിംഗ്

റെഗുലേഷൻ ആക്ട് സംസ്ഥാനത്തെ സഹകരണ മേഖലയുടെ താൽപര്യങ്ങൾക്ക് അനുകൂലമല്ലെങ്കിലും അംഗീകരിച്ചേ മതിയാകൂ. ഇക്കാര്യത്തിൽ കൂട്ടായി ആലോചിച്ച് കേരളത്തിന് പ്രത്യേകമായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് ആലോചിക്കാം. ബില്ലിന്റെ പരിഗണനാവേളയിൽ അംഗങ്ങൾ ഉന്നയിച്ച നിർദ്ദേശങ്ങളിൽ സ്വീകരിക്കാവുന്നവ ഉൾപ്പെടുത്തിയിട്ടുണ്ട്. 97-ാം ഭരണഘടനാ ഭേദഗതി നിയമത്തിലൂടെ ത്രിതല പഞ്ചായത്ത് സംവിധാനത്തോടൊപ്പം സഹകരണ മേഖലയേയും ഭരണഘടനയിൽ ഉൾപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. ക്രമമായി പൊതുയോഗം കൂടുന്നതിനും ആഡിറ്റ് കാലാനുസൃതമായി നടത്തുന്നതിനും സഹകരണ സംഘങ്ങൾ കൂടുതൽ കാര്യക്ഷമമായും സ്വതന്ത്രമായും പ്രവർത്തിക്കുന്നതിനും സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുമുള്ള അവസരം ഇതിലൂടെ കൈവരിക്കുന്നതുമാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

105, 107, 108, 110, 111, 113, 115, 116, 119, 120, 122, 125 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 116, 125 എന്നീ നമ്പർ ഭേദഗതികൾ 55-നെതിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി പിൻവലിക്കണമെന്ന പ്രശ്നം 70-നെതിരെ 56 വോട്ടുകളോടെ സഭ അംഗീകരിച്ചു.

3-ാം വകുപ്പ്

129, 130 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

4-ാം വകുപ്പ്

132, 133, 134 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

6-ാം വകുപ്പ്

137, 138, 139, 140, 141, 142, 143, 144, 145 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

9-ാം വകുപ്പ്

155-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

10--ാം വകുപ്പ്

159, 161, 162, 164, 166, 167, 168, 169, 170, 172, 174, 175, 176, 178, 179, 180, 181, 182, 183 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു

159. In section 14A(1) proposed to be inserted in the Principal Act by clause 10, for the words ‘at general meeting’ substitute the words “at the general body meeting”.

161. In section 14A(1) proposed to be inserted in the Principal Act by clause 10, after the words ‘furtherance of its stated objects’ the following words “with the prior approval of Registrar” shall be added

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതിയും ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതിയും 56-നെതിരെ 70 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11--ാം വകുപ്പ്

185, 187, 190, 191, 192, 197 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. സി.കെ. സദാശിവൻ അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി 56-നെതിരെ 66 വോട്ടുകളോട സഭ നിരാകരിച്ചു.

12-ാം വകുപ്പ്

209, 213, 216 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

209. In section 17(1) of the principal Act proposed to be amended by Clause 12(i) the words “or persistently defaulting payment of his dues” shall be deleted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

218, 220, 222, 223, 224 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി അംഗീകരിച്ചു.

222. . In section 19B(f) proposed to be inserted in the principal Act by Clause 13, add the words "or her" in between the words "his" and" transaction" and delete the word "only" .

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

226, 228, 236, 237 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

15-ാം വകുപ്പ്

240, 241, 242, 244, 248, 249, 250, 251, 252 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

(249) In sub-section (2) of section 28B of the principal Act proposed to be substituted by clause 15(iii), after the words "sixty two years", add the words "of age".

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16--ാം വകുപ്പ്

257, 259, 260, ,261, 268, 269, 270, 273, 274 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

(259) In section 29(1) (ca) proposed to be added in the principal Act, by clause 16 (iii), the words “or loss” shall be added at the end.

(270) In section 29(4) of the principal Act proposed to be inserted by clause 16(iv) the following words “The person or persons”substitute the words “Members of the Board.”

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

280-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു

(280) In section 31(i) of the principal Act proposed to be amended by clause 17 (i) delete the symbol ‘,’ occuring after the word “Assisted”.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

22-ാം വകുപ്പ്

304, 305 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

23-ാം വകുപ്പ്

309, 310, 317, 320, 324, 331 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു

(309) In section 63(4) of the principal Act proposed to be substituted by clause 23(i) after the word “Committee” add the word “cause”

(324) In section 63(9) proposed to be inserted by clause 23(iii) in the principal Act, for the words “appointed by general body” the words “appointed by the general body” shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു

ഭേദഗതി ചെയ്തപ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

24-ാം വകുപ്പ്

335, 342, 343, 344, 351 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

28--ാം വകുപ്പ്

359 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

(359) In Section 69 A (4) proposed to be inserted in the principal Act by clause 28 for the words “fifteen years” the words “ten years” shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

36--ാം വകുപ്പ്

385-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

(385) In the entry in column (1) against serial No. 1 of the IIIrd Schedule to the principal Act proposed to be inserted by clause 36, for the word "payable" substituted the word "receivable".

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 36-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 87-ാം ഭേദഗതിയുടെ മറവിൽ സഹകരണ ആക്ടിലെ 16 വകുപ്പുകളിൽ മാറ്റം വരുത്തിക്കൊണ്ട് ജനാധിപത്യത്തെ നശിപ്പിക്കുന്ന സർക്കാർ സമീപനം പ്രതിഷേധാർഹമാണ്. സഹകരണബാങ്കുകളെല്ലാം റിസർവ്വ് ബാങ്കിന്റെ നിയന്ത്രണത്തിൽ വരുമ്പോൾ

ക്രെഡിറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ബാങ്ക് എന്ന പേര് ഉപയോഗിക്കാൻ സാധിക്കാതെ വരികയും മുഴുവൻ സഹകരണ നിക്ഷേപങ്ങളും സ്വകാര്യ ബാങ്കുകളിലേയ്ക്ക് പോകുന്ന സ്ഥിതിവിശേഷം ഉണ്ടാകുകയും ചെയ്യും. ബാങ്കിംഗ് റെഗുലേഷൻ ആക്ടിൽ ഭേദഗതി വരുത്തിയതിന്റെ ഫലമായി ബാങ്കിംഗ് മേഖലയിൽ വൻകിട കോർപ്പറേറ്റുകൾ കടന്നുവരികയും സഹകരണ മേഖലയും സഹകരണ യൂണിയനും അട്ടിമറിക്കപ്പെടുകയും ചെയ്യും. സഹകരണ മേഖലയിൽ സ്വകാര്യ ആഡിറ്റിംഗ് സംവിധാനമേർപ്പെടുത്തുന്നതുമൂലം സഹകരണ വകുപ്പിലെ ആഡിറ്റർമാരുടെ ജോലി നഷ്ടപ്പെടും. സഹകരണമേഖലയിലെ നിക്ഷേപം സ്വകാര്യമേഖലയിലേയ്ക്ക് തിരിച്ചുവിടാനുള്ള സർക്കാരിന്റെ ശ്രമങ്ങൾക്ക് കൂട്ടുനിൽക്കാൻ പ്രതിപക്ഷത്തിന് സാധിക്കാത്തതിനാൽ ബില്ലിന്റെ ചർച്ചയുടെ അവസാനഘട്ടത്തിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നില്ല. പ്രതീകാത്മകമായി ഈ ബിൽ കീറിക്കളഞ്ഞുകൊണ്ട് വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടുകളിൽ പ്രതിഷേധിച്ചുകൊണ്ട് സഹകരണ സംഘ (ഭേദഗതി) ബിൽ കീറിക്കളഞ്ഞുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്ക്കരിച്ച് പുറത്തുപോയി)

<u>ശ്രീ. രമേശ് ചെന്നിത്തല:</u> കേരള ചരിത്രത്തിലെ ഒരു നാഴികക്കല്ലായി മാറാൻ പോകുന്ന നിയമമാണിത്. 97-ാം ഭരണഘടനാഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിച്ചപ്പോൾ ഇടതുപക്ഷമുൾപ്പെടെയുള്ള ആളുകൾ അനുകൂലിച്ച് പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. പ്രതിപക്ഷാംഗങ്ങൾ ഇവിടെ പറഞ്ഞ ഒരു വാദമുഖവും പാർലമെന്റിൽ ഉന്നയിച്ചില്ലെന്നത് ശ്രദ്ധേയമാണ്. ഇന്ത്യയിലെ സഹകരണ പ്രസ്ഥാ

നത്തെ മെച്ചപ്പെടുത്താനും കൂടുതൽ കാര്യക്ഷമമാക്കാനും ക്രമക്കേടുകൾ തടയുന്നതിനും വേണ്ടിയാണ് 97-ാം ഭരണഘടനാ ഭേദഗതി പാർലമെന്റ് പാസ്സാക്കിയത്. ഇവിടെ കള്ളവോട്ടിലൂടെയും ജനാധിപത്യവിരുദ്ധ മാർഗ്ഗ ങ്ങളിലൂടെയും സഹകരണ സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള ശ്രമങ്ങളെ തടയുന്നതോടൊപ്പം കള്ളപ്പണത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നതെന്ന വസ്തുത കാണാതെ പ്രതിപക്ഷം രാഷ്ട്രീയ ലക്ഷ്യത്തോടെ ഈ നിയമത്തെ എതിർക്കുന്നത് ശരിയല്ല.. ഈ ബിൽ അവതരിപ്പിച്ച മന്ത്രിയെ അഭിനന്ദി ക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്ര ണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): ബിൽ പാസ്സാ ക്കുന്ന അവസാനനിമിഷത്തിൽ പ്രതിപക്ഷം ബിൽ കീറിക്കളഞ്ഞുകൊണ്ട് സഭ ബഹിഷ്കരിച്ച് ഇറങ്ങിപ്പോയത് ശരിയായ നടപടിയല്ല. നിലവിലുള്ള നിയമത്തിലെ പോരായ്മകൾ നികത്തി മുന്നോട്ടുപോകുന്നതിനും സാമ്പ ത്തിക രംഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സഹകരണ മേഖലയെ കൂടു തൽ ശക്തിപ്പെടുത്തുന്നതിനും സഹായിക്കുന്ന ഒരു ബില്ലാണിത്. സഹക രണ സംഘങ്ങൾക്ക് സംരക്ഷണം കൊടുക്കാനുള്ള ഒരു ക്ലാസ് കൂടി ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സുതാര്യമായതും സാമ്പത്തികരംഗത്ത് പരിപൂർണ്ണ അച്ചടക്കം പാലിച്ചുകൊണ്ടുമുള്ള നിയമനടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ ബില്ലിന്റെ ചർച്ച വന്ന അവസര ത്തിലും നിയമനിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലും പ്രതിപക്ഷാംഗങ്ങൾ

സഭ ബഹിഷ്ക്കരിച്ചത് നിർഭാഗ്യകരമാണ്. ഈ ബിൽ നിയമസഭയിൽ ചർച്ച ചെയ്യുന്നതിന് മുമ്പ് ഗവർണ്ണർക്ക് അയച്ചുവെന്ന് ആക്ഷേപിക്കുകയും അവസാനം ബിൽ വലിച്ചുകീറുകയും ചെയ്തത് ജനാധിപത്യത്തോടുള്ള അവഹേളനമാണ്. ഭേദഗതികൾ സ്വീകരിക്കുന്ന കാര്യത്തിൽ വളരെ ഉദാര മായ സമീപനമാണ് സഹകരണവകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായത്. ഈ നിയമനിർമ്മാണത്തിലൂടെ സഹകരണ സ്ഥാപനങ്ങൾ ഭരണഘടന യുടെ ഭാഗമായി മാറുകയാണ്. സഹകരണ മേഖലയെ സംബന്ധിച്ചിട ത്തോളം വളരെ ചരിത്രപ്രാധാന്യമുള്ള ഒരു നിയമമാണിത്. ഈ മേഖലയിൽ ജനാധിപത്യം സംരക്ഷിക്കാൻ എല്ലാ നടപടികളും സ്വീകരിക്കും.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്ര ണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. എൻ. ബാലകൃഷ്ണൻ)</u>: 2013-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥി ക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ):</u> പ്രമേയത്തെ പിന്താങ്ങുന്നു.

ബിൽ സഭ പാസ്സാക്കി

സഭ രാത്രി 10.52-ന് പിരിഞ്ഞു.